**പതിനഞ്ചാം കേരള നിയമസഭ**

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

**നാലാമത് റിപ്പോർട്ട്**

(2024 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

**പതിനഞ്ചാം കേരള നിയമസഭ**

**മത്സ്യത്തൊഴിലാളികളുടെയും**
**അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം**
**സംബന്ധിച്ച സമിതി**
**(2023-2026)**

**നാലാമത് റിപ്പോർട്ട്**

(2024 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |
| അദ്ധ്യായം I സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും | | 2 |
| അദ്ധ്യായം II സമിതിയുടെ തുടർശിപാർശ സംബന്ധിച്ച വിശദാംശം | | 56 |

## മത്സ്യത്തൊഴിലാളികളുടെയും
## അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം
## സംബന്ധിച്ച സമിതി (2023-2026)

### ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.

**അംഗങ്ങൾ** :

ശ്രീ. എൻ.കെ. അക്ബർ, എം.എൽ.എ.

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ.

ശ്രീമതി കാനത്തിൽ ജമീല, എം.എൽ.എ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. വി. ശശി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ഡോ.എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. കെ.ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

# അവതാരിക

പതിനഞ്ചാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2023-2026) –യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2011-2014) –യുടെ മൂന്നാമത് റിപ്പോർട്ട് 2014 ഫെബ്രുവരി മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്. ഈ റിപ്പോർട്ടിൽ രണ്ട് അദ്ധ്യായങ്ങളാണുള്ളത്. സമിതിയുടെ ശിപാർശകൾ, അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടുകൾ എന്നിവ ഒന്നാമത്തെ അദ്ധ്യായത്തിലും സർക്കാരിൽ നിന്ന് നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശകൾ, സമിതി ആരാഞ്ഞ അധികവിവരങ്ങളിൽ മറുപടി ലഭ്യമാക്കാത്തവ എന്നിവ രണ്ടാമത്തെ അദ്ധ്യായത്തിലും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2024 മെയ് 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി.പി. ചിത്തരഞ്ജൻ,
അദ്ധ്യക്ഷൻ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2024 ജൂലൈ 8

# റിപ്പോർട്ട്

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2011-2014) -യുടെ മൂന്നാമത് റിപ്പോർട്ടിലെ (കൊയിലാണ്ടി, വിഴിഞ്ഞം, നീണ്ടകര, ചേറ്റുവ എന്നീ മത്സ്യബന്ധന തുറമുഖ സന്ദർശനം അടിസ്ഥാനമാക്കി തയ്യാറാക്കിയത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ- തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) കൊയിലാണ്ടി, വിഴിഞ്ഞം, നീണ്ടകര, ചേറ്റുവ എന്നീ മത്സ്യബന്ധന തുറമുഖ സന്ദർശനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മൂന്നാമത് റിപ്പോർട്ട് 2014 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 66 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിൻമേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് 09.04.2014-ൽ മത്സ്യബന്ധന തുറമുഖം, തദ്ദേശ സ്വയംഭരണം, ഊർജ്ജം, സാമൂഹ്യനീതി, റവന്യൂ, ജലവിഭവം, ആരോഗ്യ കുടുംബക്ഷേമം, ശാസ്ത്ര സാങ്കേതികം, പൊതുമരാമത്ത്, ഭക്ഷ്യ പൊതുവിതരണം, പാർലമെന്ററികാര്യം എന്നീ വകുപ്പുകൾക്ക് അയച്ചു കൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിൻമേൽ മത്സ്യബന്ധന തുറമുഖം, തദ്ദേശ സ്വയംഭരണം, സാമൂഹ്യനീതി, റവന്യൂ, ജലവിഭവം, പരിസ്ഥിതി, ദുരന്ത നിവാരണം, ശാസ്ത്ര സാങ്കേതികം, ആരോഗ്യ കുടുംബക്ഷേമം, നികുതി എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്. ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാമത്തെ അദ്ധ്യായത്തിൽ സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടുകളും രണ്ടാമത്തെ അദ്ധ്യായത്തിൽ സർക്കാരിൽ നിന്ന് നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശകളും, സമിതി ആരാഞ്ഞ അധികവിവരങ്ങളിൽ മറുപടി ലഭ്യമാക്കാത്തവയും ഉൾപ്പെടുത്തിയിരിക്കുന്നു. 2014 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശയിൻമേൽ പത്ത് വർഷത്തിനുശേഷവും, സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് 7 വർഷങ്ങൾക്ക് ശേഷവും റിപ്പോർട്ട് ലഭ്യമാക്കാത്ത വകുപ്പുകളുടെ സമീപനത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി ശിപാർശയിൻമേലും , ആവശ്യപ്പെട്ട അധികവിവരത്തിൻമേലും 3 മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് കർശന നിർദ്ദേശം നൽകുന്നു.

## അദ്ധ്യായം – I

സമിതി(2011-2014) –യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ, നടപടി റിപ്പോർട്ട് എന്നിവ ചുവടെ ചേർക്കുന്നു.

### കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം

### ഖണ്ഡിക 9

**ശിപാർശ**

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്നും റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി വാങ്ങി പൂർത്തീകരിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ വകുപ്പ്,**
**13.03.2015-ലെ 7533/ബി1/14/മ.തു.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 6399 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്രസർക്കാർ 04.03.2014-ന് അംഗീകാരം നൽകുകയും അതിൻപ്രകാരം സംസ്ഥാന സർക്കാർ 20.06.2014-ലെ ജി.ഒ.(ആർ.റ്റി.) 493/14/എഫ് & പി.ഡി. മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ ഘടകങ്ങളിൽ വടക്കേപുലിമുട്ട് 1515 മീറ്റർ, തെക്കേ പുലിമുട്ട് 915 മീറ്റർ, ജെട്ടി-201 മീറ്റർ, ലേലഹാൾ-480m² റിക്ലമേഷൻ 22774m³ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

ബാക്കി പ്രവൃത്തികളായ 85 മീറ്റർ വടക്കേപുലിമുട്ട്, 340m² ലേലപ്പുര, 512000m³ ഡ്രഡ്ജിംഗ്, 7540m³ റിക്ലമേഷൻ, 14141m² റോഡ് & പാർക്കിംഗ് ഏരിയ, 300m² കാന്റീൻ & പ്രൊവിഷൻ സ്റ്റോർ 43.23m² ഗേറ്റ് & ഗേറ്റ്ഹൗസ്, 670m ചുറ്റുമതിൽ, 450m ഓവുചാൽ, മലിനജലസംസ്കരണം, 122.41m² കക്കൂസ് & മൂത്രപ്പുര എന്നീ പ്രവൃത്തികൾക്ക് 1037.00 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി 24.11.2014 അവസാനദിവസമായി ഇ-ദർഘാസ് മുഖേന പ്രീക്വാളിഫിക്കേഷൻ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളുടെ വിശദവിവര റിപ്പോർട്ട് മത്സ്യബന്ധനതുറമുഖ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. (27.05.15-ലെ സമിതി യോഗം)

**അധികവിവരത്തിനുള്ള മറുപടി**

**(മത്സ്യബന്ധന തുറമുഖ വകുപ്പ്, 9.10.2020-ലെ ബി2/124/2016/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം പൂർത്തീകരിച്ചു. നിലവിൽ ഹാർബർ പ്രവർത്തനക്ഷമമാണ്.

[ 01.02.22-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 10</u>**

**ശിപാർശ**

പ്രദേശവാസികളിൽ നിന്നുള്ള എതിർപ്പുമൂലം ഡ്രഡ്ജിംഗ് നടത്തി കൊയിലാണ്ടി മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട റിക്ലമേഷൻ ജോലികൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതായും ഇപ്പോൾ ഗ്രാവലി എർത്ത് ഉപയോഗിച്ച് ഈ ജോലികൾ നടത്തുന്നതിന് തീരുമാനിച്ചതായും സമിതി മനസ്സിലാക്കുന്നു. ഇതിനായി സമർപ്പിച്ചിട്ടുള്ള 355 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അടിയന്തരമായി അംഗീകാരം നൽകി റിക്ലമേഷൻ ജോലികൾ പൂർത്തീകരിക്കുക വഴി അനുബന്ധ ഘടകങ്ങളുടെ പൂർത്തീകരണം സാദ്ധ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**(മത്സ്യബന്ധന തുറമുഖ വകുപ്പ്,**
**13.03.2015-ലെ 7533/ബി1/14/മ.ത.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ കോംപ്രിഹെൻസീവ് റിപ്പോർട്ടിന് അംഗീകാരം ലഭ്യമാക്കുന്നതിന് മുമ്പ് ഗ്രാവലി എർത്ത് ഉപയോഗിച്ച് ഫില്ലിംഗ് നടത്തുന്നതിന് 335 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും 6399 ലക്ഷം രൂപയുടെ റിവൈസ്ഡ് ഭരണാനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ സാഹചര്യത്തിൽ ഇതിലുൾപ്പെട്ട റിക്ലമേഷൻ, ഡ്രഡ്ജിംഗ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി 24.11.2014 അവസാന ദിവസമായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. കൂടാതെ 22744m$^3$ റിക്ലമേഷൻ പ്രവൃത്തി നടത്തുകയും 21600m$^3$ റിക്ലമേഷൻ പ്രവൃത്തി സൂപ്രണ്ടിംഗ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകി ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 11</u>**

**ശിപാർശ**

ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട ഡ്രഡ്ജിംഗ് ജോലികൾ കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**[മത്സ്യബന്ധന തുറമുഖ വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

ഭരണാനുമതിയിൽ ഉൾപ്പെട്ട 80 ലക്ഷം രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി 24/11/2014 അവസാന ദിവസമായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 12</u>**

**ശിപാർശ**

തുറമുഖ പദ്ധതിയ്ക്കാവശ്യമായ കിണറും വാട്ടർ ടാങ്കും നിർമ്മിക്കുന്ന പ്രവൃത്തി കരാറുകാരൻ ഏറ്റെടുത്തെങ്കിലും പ്രവൃത്തിസ്ഥലം ഫിഷറീസ് വകുപ്പിൽ നിന്നും തുറമുഖ എഞ്ചിനീയറിംഗ്

വിഭാഗത്തിന് കൈമാറ്റം ചെയ്തു കിട്ടാത്തതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. കുടിവെള്ളം ലഭ്യമാക്കുന്നതിനായി ആരംഭിച്ച ടി പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കി ജലലഭ്യത ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**[മത്സ്യബന്ധന തുറമുഖ വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

ഫിഷറീസ് വകുപ്പിൽ നിന്നും സ്ഥലം ലഭ്യമായ ശേഷം വാട്ടർ ടാങ്ക്, കിണർ, പമ്പ്ഹൗസ് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ഒക്ടോബർ മധ്യത്തോടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

[ 27.05.15-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>സ്വീകരിച്ച നടപടി</u>**

**[മത്സ്യബന്ധന തുറമുഖ വകുപ്പ്, 18.5.2019-ലെ 1968/ഡി2/2015/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തേയ്ക്ക് ശുദ്ധജലവിതരണം നടത്തുന്നതിനുള്ള കിണർ, വാട്ടർടാങ്ക് ഇവ നിർമ്മിച്ചിട്ടുള്ളത് ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വേ നം.18/1-ൽ ഉൾപ്പെടുന്ന 20 സെന്റ് സ്ഥലത്താണ്. ടി പ്രവൃത്തി 29/10/2014 ൽ പൂർത്തീകരിച്ചു. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഫിഷറീസ് വകുപ്പിൽത്തന്നെ നിലനിർത്തിക്കൊണ്ടുള്ള അനുമതി പത്രം 8/3/2018-ൽ ഫിഷറീസ് വകുപ്പിൽ നിന്നും ലഭിച്ചതിനെ തുടർന്ന് കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ കെട്ടിട നമ്പറിന് അപേക്ഷിക്കുകയും ആയത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.യിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

[ 17.07.19-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 13</u>**

**ശിപാർശ**

തിക്കോടി-കോടിക്കൽ എന്നീ തീരപ്രദേശങ്ങളിലെ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. മത്സ്യത്തൊഴിലാളികളുടെ സൗകര്യം കണക്കിലെടുത്ത് തിക്കോടി-കോടിക്കൽ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**[മത്സ്യബന്ധന തുറമുഖ വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

കോടിക്കൽ കടപ്പുറത്ത് മത്സ്യബന്ധന കേന്ദ്രത്തിന്റെ ഭാഗമായി ഒരു ഗ്രോയിൻ നിർമ്മിക്കുകയും പശ്ചാത്തല സംവിധാനങ്ങൾക്കായി സ്ഥലം അക്വയർ ചെയ്ത് കോമ്പൗണ്ട് വാളിനുള്ള ബേസ്മെന്റ് നിർമ്മിക്കുകയും അപ്രോച്ച് റോഡ് നിർമ്മിക്കുകയും ചെയ്തു.

**<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>**

തിക്കോടി-കോടിക്കൽ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികളുടെ വിശദമായ റിപ്പോർട്ട് മത്സ്യബന്ധനതുറമുഖ വകുപ്പിനോട് ആവശ്യപ്പെടാൻ

തീരുമാനിച്ചു.    [ 27.05.15-ലെ സമിതി യോഗം]

**അധിക വിവരത്തിനുള്ള മറുപടി**

**[മത്സ്യബന്ധന തുറമുഖ വകുപ്പ്, 09.10.2020-ലെ ബി2 /124/2016/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

തിക്കൊടി മത്സ്യബന്ധന തുറമുഖത്തിന്റെ ഭാഗമായി ലാന്റ് അക്വിസിഷൻ, ഗ്രോയിൻ നിർമ്മാണം, അപ്രോച്ച് റോഡ്, കോമ്പൗണ്ട് വാൾ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഘടകങ്ങളായ ലേലപ്പുര, ലോക്കർ മുറികൾ, ടോയ്ലറ്റ് ബ്ലോക്ക്, അപ്രോച്ച് റോഡ് പുനരുദ്ധാരണം, പാർക്കിംഗ് ഏരിയ, സെക്യൂരിറ്റി റൂം, നെറ്റ് മെൻഡിംഗ് ഷെഡ്, കിണർ, വാട്ടർ ടാങ്ക്, വൈദ്യുതീകരണ പ്രവൃത്തികൾ, ഗ്രോയിൻസ് നിലവിലുള്ള പുലിമുട്ടുകളുടെ നവീകരണം, ക്വാളിറ്റി കൺട്രോൾ എന്നിവയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

[ 01.02.22-ലെ യോഗത്തിൽ സമിതി പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചു.]

**ഖണ്ഡിക 14**

**ശിപാർശ**

തീരപ്രദേശങ്ങളിലെ കിണറുകളിൽ നിന്ന് മിക്കവാറും ഉപ്പുരസമുള്ള ജലമാണ് ലഭിക്കുന്നത്. ആയതിനാൽ കടലോര പ്രദേശ നിവാസികൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതികൾക്ക് വളരെയേറെ പ്രാധാന്യം നൽകേണ്ടതുണ്ട്. പെരുവണ്ണാമൂഴി, ചിറ്റാരിക്കടവ് എന്നീ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ജലവിതരണം ആരംഭിച്ചിട്ടില്ലെന്ന് സമിതിയ്ക്ക് ബോധ്യമാകുന്നു. ജലക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും തടസ്സങ്ങൾ നേരിടുന്നതിനാൽ ജനങ്ങൾക്ക് അതിന്റെ പ്രയോജനം സിദ്ധിക്കുന്നില്ല. ആയതിനാൽ കൊയിലാണ്ടി പ്രദേശത്തെ മത്സ്യബന്ധന തുറമുഖം, കടൽത്തീരം എന്നിവിടങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി പെരുവണ്ണാമൂഴി ഡാമിൽ നിന്നുള്ള വെള്ളം പ്രയോജനപ്പെടുത്തിയും ചിറ്റാരിക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജുണ്ടാക്കി അവിടത്തെ വെള്ളം ഉപയോഗിച്ചും ജലവിതരണ പദ്ധതി അംഗീകരിച്ച് പ്രാവർത്തികമാക്കുന്നതിന് സത്വരനടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(ജലവിഭവ (ജലവിതരണ സി) വകുപ്പ്, 19.07.2016 ലെ 11225/സി1/15/ജവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

വടകര, കൊയിലാണ്ടി താലൂക്കുകളിലെ തീരപ്രദേശങ്ങളിൽ, ഭൂജലം ഉപ്പ് കലർന്നതാണ്. ഏതാനും ചെറുകിട ശുദ്ധജല വിതരണ പദ്ധതികളൊഴിച്ചാൽ ഈ പ്രദേശത്ത് ശുദ്ധജല വിതരണം വളരെ കുറവാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി കൊയിലാണ്ടിക്കും 10 ഗ്രാമ പഞ്ചായത്തുകൾക്കും ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കാനുള്ള പ്രത്യേക നടപടികൾ തുടങ്ങിയിട്ടുണ്ട്. കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ പെരുവണ്ണാമൂഴി ജല സംഭരണിയാണ് നിർദ്ദിഷ്ട പദ്ധതിയുടെ ഉറവിടം.

കൂടാതെ വടകര താലൂക്കിലെ ഒഞ്ചിയം, ചോറോട്, ഏറാമല ഗ്രാമപഞ്ചായത്തുകൾക്കും

ജലനിധി പദ്ധതി നടപ്പാക്കാൻ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതികളുടെ പൊതുടാപ്പുകൾ കാര്യക്ഷമമാക്കുന്നതിനും ലഭ്യമായ ഫണ്ട് ഉപയോഗിച്ച് നിലവിലുള്ള സംവിധാനം പരിപാലിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന 2 പ്രവൃത്തികൾ കൂടി ഏറ്റെടുത്തിട്ടുണ്ട് .

1. കൊയിലാണ്ടി നഗരസഭയിലെ 36, 37, 38, 39 എന്നീ വാർഡുകളിലേയ്ക്ക് 120 ലക്ഷം രൂപയുടെ ശുദ്ധജലവിതരണ പദ്ധതി

2. പയ്യോളി പഞ്ചായത്തിലെ 15, 16, 17, 18 വാർഡുകളിലേയ്ക്കുള്ള 86 ലക്ഷം രൂപയുടെ ശുദ്ധജല വിതരണ പദ്ധതി.

[ 14.06.17-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

## ഖണ്ഡിക 15

### ശിപാർശ

കൊയിലാണ്ടി തീരപ്രദേശത്തുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന രൂക്ഷമായ ഒരു പ്രശ്നമാണ് വലയുടെ ദൗർലഭ്യം എന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വലയുടെ 20% മാത്രമേ സർക്കാർ മേഖലയിൽ ഉല്പാദിപ്പിക്കുവാൻ കഴിയുന്നുള്ളൂവെന്നും ബാക്കി 80 ശതമാനവും സ്വകാര്യ മേഖലയിലാണ് ഉല്പാദിപ്പിക്കുന്നതെന്നും കടൽമാക്രിയുടെ ആക്രമണംമൂലം വല പെട്ടെന്ന് നശിച്ചുപോകുന്ന സാഹചര്യം ഉണ്ടാകുന്നതിനാൽ വല ദൗർലഭ്യം പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു വല നിർമ്മാണ യൂണിറ്റ് സ്ഥാപിക്കേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ വടക്കൻ കേരളത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപയോഗാർത്ഥം സർക്കാർ മേഖലയിൽ ഒരു വല നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

**(മത്സ്യബന്ധന തുറമുഖ വകുപ്പ്, 08.07.2015 ലെ 7511/സി2/14/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്**

സർക്കാർ മേഖലയിൽ കണ്ണൂർ അഴീക്കലിൽ മത്സ്യഫെഡിന്റെ ഒരു വല നിർമ്മാണ ശാല പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്ഥാപനത്തിൽ നിന്നുമാണ് പ്രധാനമായും മലബാർ മേഖലയായ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മത്സ്യബന്ധന വലകൾ ഉല്പാദിപ്പിച്ചു വിതരണം ചെയ്തു വരുന്നത്. നിലവിൽ മദ്ധ്യകേരളത്തിലും വടക്കൻ കേരളത്തിലുമായി രണ്ട് വല നിർമ്മാണ ശാലകൾ പ്രവർത്തിച്ചു വരികയും മൂന്നാമത് ഒരു ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം തെക്കൻ മേഖല കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുള്ള സാഹചര്യത്തിലും വീണ്ടും ഒരു വല നിർമ്മാണ ശാല വടക്കൻ കേരളമായ

കൊയിലാണ്ടി പ്രദേശം കേന്ദ്രീകരിച്ച് ആരംഭിക്കുന്നത് പ്രായോഗികമല്ല. പ്രധാനമായും വല നിർമ്മാണ ശാല പദ്ധതിക്ക് ഭീമമായ തുക മുതൽ മുടക്കേണ്ടതായും അനുയോജ്യമായ പദ്ധതി പ്രദേശം കണ്ടെത്തേണ്ടതായും വരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഒരു പുനർചിന്തനം ആവശ്യമാണ്.

വടക്കൻ കേരളത്തിൽ കണ്ണൂർ ജില്ലയിൽ അഴീക്കൽ കേന്ദ്രീകരിച്ച് നിലവിൽ വല നിർമ്മാണ ശാല പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ ഈ ഫാക്ടറിയിൽ നിന്നും കൊയിലാണ്ടി തീരപ്രദേശത്തുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ആവശ്യാനുസരണം സമയബന്ധിതമായി മത്സ്യബന്ധന വലകൾ വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക നടപടി സ്വീകരിച്ചു വരുന്നുണ്ട്.

[14.06.2017-ലെ യോഗം അധികവിവരം ആരാഞ്ഞു: മറുപടി ലഭ്യമായിട്ടില്ല.]

**ഖണ്ഡിക 16**

**ശിപാർശ**

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കണക്കുവിവരം പൊതുജനങ്ങൾക്ക് കാണാൻ കഴിയുന്ന തരത്തിൽ ഹാർബർ പ്രദേശത്ത് പ്രദർശിപ്പിക്കണമെന്നും അപ്രകാരം നിർമ്മാണ പ്രവൃത്തികൾ കൂടുതൽ സുതാര്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ വകുപ്പ്, 13.03.2015 ലെ 7533/ബി1/14/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്**

സമിതിയുടെ ശിപാർശ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

[ 27.05.15-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 17**

**ശിപാർശ**

മത്സ്യത്തൊഴിലാളി കോളനികളിൽ അനുവദിച്ചു നൽകിയിരുന്ന 60 ഇരട്ട വീടുകൾ ശോച്യാവസ്ഥയിലായതിനാൽ അവ പുതുക്കിപ്പണിയുന്നതിന് ഫണ്ട് വകയിരുത്തണമെന്ന ആവശ്യം സമിതി മുമ്പാകെ ഉന്നയിക്കപ്പെട്ടു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ഇരട്ട വീടുകൾ നവീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(സി) വകുപ്പ്, 08.07.15 -ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

13-ാം ധനകാര്യ കമ്മീഷനിൽ കോളനി പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി കോളനികളിലെ ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി

ധനസഹായം അനുവദിച്ചു വരുന്നു. ഇതിന്റെ ആദ്യപടിയായി 10 ജില്ലകളിലെ തെരഞ്ഞെടുത്ത 14 കോളനികളിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി 722.5 ലക്ഷം രൂപ ജില്ലാ ആഫീസർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കോളനികളിലെ പൊതു അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പേറഷൻ വഴിയാണ് നടപ്പിലാക്കുന്നത്. ഇതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പേറഷന് 3 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായി ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും തെരഞ്ഞെടുക്കപ്പെട്ട കോളനികളുടെ വിശദാംശങ്ങൾ ജില്ലാ ആഫീസർമാരിൽ നിന്നും ശേഖരിച്ചു വരുന്നുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അതിന് ആവശ്യമായ ഫണ്ടുകൾ ജില്ലാ ആഫീസർമാർക്ക് നൽകുന്നതാണ്.

[ 14.06.17-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 18</u>**

**ശിപാർശ**

1991 -ലെ കോസ്റ്റൽ റെഗുലേഷൻ നിയമ പ്രകാരം കൊയിലാണ്ടി നഗരസഭാ പ്രദേശത്തെ CRZ-I കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത നിയമ പ്രകാരം നഗരസഭയുടെ പരിധിയിൽപ്പെടുന്ന എല്ലാ തീരപ്രദേശങ്ങളെയും ഒരേ കാറ്റഗറിയിലാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ 1993-ൽ തന്നെ കൊയിലാണ്ടി, നഗരസഭയായി മാറിയെങ്കിലും ഇപ്പോഴും പഞ്ചായത്തിന്റെ കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശം വേറെ കാറ്റഗറിയിലായതിനാൽ കൊയിലാണ്ടി, മുനിസിപ്പാലിറ്റി ആയി മാറ്റിയ വിവരം വകുപ്പു മുഖേന കേന്ദ്ര സർക്കാരിനെ അറിയിക്കുമ്പോൾ പഞ്ചായത്തിന്റെ കാറ്റഗറിയിൽ നിന്നു മാറ്റപ്പെടും. നഗരസഭാ പരിധിയിൽപ്പെടുന്നവർക്ക് CRZ നിയമത്തിൽ കൂടുതൽ ഇളവുകൾ അനുവദിക്കപ്പെട്ടിട്ടുള്ളതിനാൽ കൊയിലാണ്ടി പ്രദേശത്തെ പഞ്ചായത്തിന്റെ കാറ്റഗറിയിൽ നിന്ന് മാറ്റി നഗരസഭയുടെ കാറ്റഗറിയിൽ(കാറ്റഗറി-II) ഉൾപ്പെടുത്തുന്ന നടപടി തദ്ദേശസ്വയംഭരണ വകുപ്പ് മുൻകൈയെടുത്ത് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി(CZMA), സംസ്ഥാന പരിസ്ഥിതി വകുപ്പ് എന്നിവയിലൂടെ കേന്ദ്ര സർക്കാർ മുഖേന നടപ്പാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**(ശാസ്ത്ര സാങ്കേതിക വകുപ്പ്, 03.07.2014-ലെ 1890/എ 2/2014/ശാ.സാ.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത് )**

1991-ലെ CRZ വിജ്ഞാപനം അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള തീരദേശ പരിപാലന പദ്ധതിയാണ് ഇപ്പോൾ സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഇതിൻപ്രകാരം 1991-ന് ശേഷം നഗരസഭയുടെ ഭാഗമായി ചേർത്ത പ്രദേശങ്ങൾ ഇപ്പോഴും CRZ-III വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2011 -ലെ തീരദേശ പരിപാലന വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതി(CZMP) തയ്യാറാക്കുവാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS,

ആക്കളം, തിരുവനന്തപുരം) ഏൽപിച്ചിരിക്കുകയാണ്. പ്രസ്തുത CZMP തയ്യാറാക്കി public hearing നടത്തിയശേഷം കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് പുതുക്കിയ CZMP സംസ്ഥാനത്ത് നിലവിൽ വരുന്നതാണ്. ഈ വർഷത്തിൽ തന്നെ പ്രസ്തുത പ്ലാനിൽ 1991-ന് ശേഷം നഗര പ്രദേശമായതും കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനകം നടന്നിട്ടുള്ളതുമായ നഗരസഭാ പ്രദേശങ്ങളും CRZ-II-ൽ ഉൾപ്പെടുന്നതാണ്. കൊയിലാണ്ടി നഗരസഭയുടെ CRZ വിഭാഗം മാറുന്ന കാര്യവും CZMP തയ്യാറാക്കുന്ന മുറയ്ക്ക് തീരുമാനിക്കുന്നതാണ്.

[ 23.07.14-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

<u>സ്വീകരിച്ച നടപടി</u>

**(മത്സ്യബന്ധന തുറമുഖ(സി) വകുപ്പ്, 08.07.2015-ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

തീരദേശത്തും കായൽപ്രദേശങ്ങളിലും മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും 2011-ലെ നിയമത്തിൽ ഇളവുകൾ അനുവദിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ 22.08.2014-ലെ ഉന്നതതല ചർച്ചയിൽ കേന്ദ്ര സർക്കാർ നിയോഗിച്ച ഉന്നത സംഘത്തിനോട് വിശദീകരിച്ചിട്ടുണ്ട്.

[14.06.2017-ലെ യോഗം അധികവിവരം ആരാഞ്ഞു: മറുപടി ലഭ്യമായിട്ടില്ല.]

**<u>ഖണ്ഡിക 19</u>**
**ശിപാർശ**

കൊയിലാണ്ടി തീരപ്രദേശത്ത് ധീവര സമുദായത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മൃതദേഹം മറവുചെയ്യുന്നതിന് സ്ഥലം ഇല്ലെന്നും അതിനാൽ കോഴിക്കോടുവരെ കൊണ്ടുപോകേണ്ടിവരുന്നതായും ഇതിനുവേണ്ടി വാങ്ങിയ സ്ഥലം നിയമപ്രശ്നങ്ങൾ കാരണം ഉപയോഗിക്കുവാൻ സാധിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. സമൂഹത്തിലെ ഒരു വിഭാഗം മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് വേണ്ടി സത്വര നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കൊയിലാണ്ടി തീരപ്രദേശത്ത് ഉൾപ്പെട്ട മുനിസിപ്പൽ ഏരിയായിൽ ധീവര സമുദായത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മൃതദേഹം മറവ് ചെയ്യുന്നതിന് നിലവിൽ പൊതു ശ്മശാനം ഇല്ല. കൊയിലാണ്ടി നഗരസഭ പരിധിയിൽ വരുന്ന തീരപ്രദേശത്ത് ശ്മശാനം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയെങ്കിലും പരിസരവാസികളുടെ എതിർപ്പ് കാരണം പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാതെ വരികയും നിലവിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി മൊബൈൽ ക്രിമറ്റോറിയും നഗരസഭ വാങ്ങിയിട്ടുണ്ടെന്നും ആയത് ഉപയോഗിച്ച് മൃതദേഹങ്ങൾ സംസ്കരിക്കാൻ

കഴിയുന്നതുമാണ്. നിലവിൽ ഈ ഭാഗത്തുള്ളവർ മൃതദേഹ സംസ്കരണത്തിനായി കോഴിക്കോട് വെസ്റ്റ് ഹില്ലിലുള്ള പൊതുശ്മശാനത്തെയാണ് കൂടുതലും ആശ്രയിക്കുന്നത്. കൊയിലാണ്ടി തീരപ്രദേശത്ത് ഉൾപ്പെട്ട ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ തീരദേശത്ത് ശ്മശാനം നിർമ്മിക്കുന്നതിനായി ഏകദേശം 90 സെന്റ് സ്ഥലം 1980-ൽ ഏറ്റെടുത്തുവെങ്കിലും CRZ നിയമപ്രകാരം പ്രസ്തുത ഭൂമിയിൽ ഇതുവരെ ശ്മശാനം നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല. CRZ പരിധി ഇളവ് ചെയ്ത് ശ്മശാനം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.

**ഖണ്ഡിക 20**

**ശിപാർശ**

കൊയിലാണ്ടി തീരപ്രദേശമായ പയ്യോളിയിൽ ഫിഷറീസ് ഡിസ്പെൻസറിക്കു വേണ്ടിയുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായെങ്കിലും ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കാത്തതിനാൽ സ്ഥാപനം പ്രവർത്തനക്ഷമമായിട്ടില്ല. തീരവാസികളുടെ ആരോഗ്യ പരിപാലന രംഗത്ത് വളരെയധികം പ്രയോജനപ്രദമാകേണ്ട പ്രസ്തുത സ്ഥാപനം ജീവനക്കാരുടെ അഭാവംമൂലം പ്രവർത്തനരഹിതമായതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം പയ്യോളി ഡിസ്പെൻസറിയിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(ആരോഗ്യ കുടുംബക്ഷേമ(എം) വകുപ്പ്, 02.02.2018-ലെ 19970/എം/2014/ആകുവ. നമ്പർ പ്രകാരം ലഭിച്ചത്)**

കൊയിലാണ്ടി തീരപ്രദേശമായ പയ്യോളിയിൽ ഫിഷറീസ് ഡിസ്പെൻസറിക്ക് വേണ്ടി നിർമ്മിച്ചതെന്നു പറയപ്പെടുന്ന കെട്ടിടത്തിന് വർഷങ്ങളോളം പഴക്കമുണ്ട്. ടി കെട്ടിടം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടില്ല. ഈ കെട്ടിടത്തിൽ രണ്ട് വർഷത്തോളമായി പയ്യോളി മുൻസിപ്പാലിറ്റിയുടെ അനുവാദത്തോടുകൂടി ഇരിങ്ങൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഉപകേന്ദ്രം പ്രവർത്തിച്ച് വരികയാണ്. പയ്യോളി പഞ്ചായത്തിൽ നിലവിലുള്ള ഒരു പ്രാഥമികാരോഗ്യ കേന്ദ്രം ഇരിങ്ങൽ പി.എച്ച്.സി.യാണ്. ഇരിങ്ങൽ പി.എച്ച്.സി. നിലവിൽ ഉള്ളതിനാൽ ഫിഷറീസ് ഡിസ്പെൻസറിക്കായി അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതായി വരുന്നില്ല. ഇപ്പോൾ ഇരിങ്ങൽ പി.എച്ച്.സി.യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തസ്തിക സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

[ 04.07.18-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 22**

**ശിപാർശ**

കൊയിലാണ്ടിയിൽ നിർമ്മിച്ച തീരദേശറോഡിൽ രണ്ട് പാലങ്ങളുടെ പണി ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. അവയുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

**സ്വീകരിച്ച നടപടി**

**(പൊതുമരാമത്ത് (ഡി) വകുപ്പ്, 28.04.2015-ലെ 11421/ഡി1/2014/പൊ.മ.വ കത്ത് പ്രകാരം ലഭിച്ചത്)**

കൊയിലാണ്ടി തീരദേശ റോഡിലെ രണ്ട് പാലങ്ങളുടെ നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്, 08.07.2015-ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

നബാർഡ് ധനസഹായത്തോടെ പ്രവൃത്തി പുരോഗമിച്ചു വരുന്ന കാപ്പാട് കൊയിലാണ്ടി തിരദേശറോഡിന്റെ ഭാഗമായി എഴുകുടിയ്ക്കൽ, ചെറിയമങ്ങാട് എന്നീ സ്ഥലങ്ങളിൽ ഓരോ പാലങ്ങളും ഉുവ്വപ്പാറയിൽ താരതമ്യേന വലിയ ഒരു ഓവുപാലവും നിർമ്മിച്ചു വരുന്നുണ്ട്. ഇതിൽ എഴുകുടിയ്ക്കൽ പാലത്തിന്റെയും ഉുവ്വപ്പാറയിലെ കൾവെർട്ടിന്റെയും പണികൾ കഴിഞ്ഞിട്ടുണ്ട്. ചെറിയമങ്ങാട് പാലത്തിന്റെ ഇരുവശവും പൈലിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും പൈൽകാപ്പ് നിർമ്മിക്കാനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂത്തീകരിക്കുന്നതിനുള്ള ഏക പ്രതിബന്ധം റോഡ് നിർമ്മിക്കാൻ ആവശ്യമായ മണ്ണ് കൊണ്ടു വരുന്നതിലെ തടസ്സങ്ങളാണ്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 23**

**ശിപാർശ**

കോരപ്പുഴ അഴിമുഖം ആഴം കുറഞ്ഞ് ഏതാണ്ട് പൂർണ്ണമായി അടഞ്ഞരീതിയിലാണെന്നും അവിടെ ഡ്രഡ്ജിംഗ് ശരിയായി നടക്കുന്നില്ലെന്നും പുഴയിലെ ജലം മലിനമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും സമിതി വിലയിരുത്തുന്നു. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഇതിനായി തയ്യാറാക്കി വരുന്ന പ്രൊപ്പോസൽ ത്വരിതപ്പെടുത്തി അഴിമുഖം പൂർവ്വസ്ഥിതിയിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ അവിടെ അവശ്യംവേണ്ട പുലിമുട്ടുകളുടെ നിർമ്മാണവും നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 19.06.2014-ന് കോരപ്പുഴയുടെ വികസനത്തെ സംബന്ധിച്ച് നടന്ന മീറ്റിംഗിൽ നബാർഡിന്റെ സഹായത്തോടെ പുലിമുട്ട്, ഫിഷ്ലാന്റിംഗ് സെന്റർ എന്നിവ നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്താനും ആയതിന് മുന്നോടിയായി സാധ്യതാപഠനം നടത്തുന്നതിന് CWPRS നെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. കോരപ്പുഴയിൽ അടിഞ്ഞുകൂടിയ ചെളിയോടുകൂടിയ മണൽ മാറ്റുന്നതിന്

ജലസേചനവകുപ്പിനെ ചുമതലപ്പെടുത്താനും ജലവിഭവ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

<u>സ്വീകരിച്ച നടപടി</u>

**(ജലവിഭവ(ഐ.ആർ) വകുപ്പ്, 31.03.2023-ലെ IR2/105/2020-WRD നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കോഴിക്കോട് ജില്ലയിലെ കോരപ്പുഴ അഴിമുഖം മണൽ അടിഞ്ഞ് ആഴം കുറഞ്ഞത് പരിഹരിക്കുന്നതിനായി "FC River course correction work by dredging Korappuzha river from railway bridge at Ch:418.32 Km to Korappuzha river mouth in Koyilandy taluk-Kozhikode district" എന്ന പ്രവൃത്തിക്ക് 12/12/2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം.997/2017/ജ.വി.വ. പ്രകാരം 375 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 07/11/2019-ലെ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) 5158/2019-20 എന്ന ഉത്തരവിൻ പ്രകാരം 375 ലക്ഷം രൂപയ്ക്കുള്ള സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ദർഘാസ് ക്ഷണിച്ചതിൽ, ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനുമായി ഈ പ്രവൃത്തിക്ക് വേണ്ടി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിന് സതേൺ ഡ്രഡ്ജിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിക്ക് 30/10/2020-ൽ സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും സൂപ്രണ്ടിംഗ് എഞ്ചിനീയറുമായി കരാറുടമ്പടിയിൽ ഏർപ്പെട്ട കമ്പനി ടി പ്രവൃത്തിയുമായി മുന്നോട്ട് പോകുന്നതിന് പകരം നീക്കം ചെയ്യുന്ന മണൽ, ചെളി നിക്ഷേപിക്കുവാൻ മതിയായ സ്ഥലം ഇല്ലെന്ന തെറ്റായ കാരണം ഉന്നയിച്ച് ബഹു കേരള ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി.

ഈ പ്രവൃത്തിക്ക് കരാർ ഉടമ്പടി പ്രകാരം പുഴയിൽ നിന്ന് നീക്കം ചെയ്യുന്ന മണൽ, ചെളി എന്നിവ കോരപ്പുഴയുടെ അഴിമുഖത്തിന് സമീപം നിക്ഷേപിക്കുന്നതിനായി 1.5 ഹെക്ടർ സ്ഥലം ജില്ലാ ഭരണകൂടം നേരത്തെ തന്നെ അനുവദിക്കുകയും വകുപ്പിന്റെ അഭ്യർത്ഥന മാനിച്ച് 10 ഹെക്ടറായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ നിരന്തരമായി കോടതിയിൽ ഹാജരാകാത്തതിനാലും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അഫിഡവിറ്റിന്റെ അടിസ്ഥാനത്തിലും കേസ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും കരാറുകാരന്റെ ഇ.എം.ഡി ഫോർഫീറ്റ് ചെയ്ത് ടി കരാറിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം പ്രവൃത്തി വീണ്ടും 12/01/2022-ന് റീ ടെണ്ടർ ചെയ്തു. ടെണ്ടറിൽ പങ്കെടുത്ത മൂന്ന് കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ സലാം എ. കെ.-യുമായി കരാറുടമ്പടിയിൽ ഏർപ്പെടുകയും 04/03/2022-ന് പ്രവൃത്തി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ പ്രാരംഭ ലെവൽസ് ഏറ്റെടുക്കുന്നതിനായി ഹൈഡ്രോഗ്രാഫിക് വിംഗിനെ ഏൽപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോരപ്പുഴ അഴിമുഖത്തിനോടടുത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ നിലവിലില്ല.

[28.04.2023-ലെ യോഗം അധികവിവരം ആരാഞ്ഞു: മറുപടി ലഭ്യമായിട്ടില്ല.]

**വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം.**

**ഖണ്ഡിക 35**

**ശിപാർശ**

പട്ടയം സംബന്ധിച്ച പ്രശ്നങ്ങൾ തീർപ്പാക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായും ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ കൺവീനറായും ഫിഷറീസ് ഡയറക്ടർ അംഗമായുമുള്ള കമ്മിറ്റി കാലാകാലങ്ങളിൽ ചേർന്ന് തീരുമാനമെടുക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ടി കമ്മിറ്റി കൂടി വീടുകളിൽ താമസിക്കുന്നവർ യഥാർത്ഥ അവകാശികളാണോയെന്ന് പരിശോധിച്ച് വില കൊടുത്തു വാങ്ങി താമസിക്കുന്നവരെയും വളരെക്കാലമായി താമസിക്കുന്നവരെയും കണ്ടെത്തി അവർക്കു കൂടി പട്ടയം നൽകാൻ ശിപാർശ ചെയ്യണമെന്നും നഷ്ടപരിഹാരതുക വിതരണം ചെയ്യുന്നതിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ച് ഉടൻതന്നെ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കണമെന്നും ഇതിനായി ബഹു. റവന്യൂ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(റവന്യൂ (യു) വകുപ്പ്, 20.11.2017-ലെ 49097/യു1/2014/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ പദ്ധതിയ്ക്കായി കുടിയൊഴിപ്പിയ്ക്കപ്പെട്ടവരിൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് നഷ്ട പരിഹാര തുക അനുവദിയ്ക്കുന്നത് അർത്ഥനാധികാരികളായ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പും ഫിഷറീസ് വകുപ്പും ആണ്. ആയതിനാൽ വീടും സ്ഥലവും ലഭിയ്ക്കുവാനുള്ള യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് അർത്ഥനാധികാരികളാണ്. എത്ര ഗുണഭോക്താക്കൾക്ക് ഇനിയും നഷ്ടപരിഹാരം ലഭിയ്ക്കുവാനുണ്ടെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി സ്പെഷ്യൽ തഹസിൽദാർ (പൊന്നുംവില) അറിയിച്ചിട്ടുണ്ട്. പുനരധിവാസത്തെ തുടർന്ന് പട്ടയം സംബന്ധിച്ച പ്രശ്നങ്ങൾ തീർപ്പാക്കുന്നതിലേയ്ക്ക് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കാലാകാലങ്ങളിൽ മൂന്നംഗ കമ്മിറ്റിയോഗം ചേരാറുണ്ട്. നിലവിൽ പട്ടയം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 24/01/14, 20/03/15, 23/04/15, 15/05/15 തീയതികളിൽ യോഗം വിളിച്ചു ചേർക്കുകയും ടി യോഗത്തിൽ 1986 ൽ പൊന്നുവില അനുവദിച്ച് നൽകിയിട്ടുണ്ടെന്നും മത്സ്യഫെഡ് ഡെപ്യൂട്ടി ജനറൽ മാനേജർ അറിയിച്ചു. ടി യോഗത്തിൽ മുസ്ലീം വിഭാഗത്തെ പ്രതിനിധീകരിച്ച് ജമാ അത്ത് അംഗങ്ങളും, ക്രിസ്ത്യൻ വിഭാഗത്തെ പ്രതിനിധീകരിച്ച് പാരിഷ് കൗൺസിലും യോഗത്തിൽ പങ്കെടുത്തിരുന്നു. സമിതി ശിപാർശ ചെയ്തിരുന്നതുപോലെ ഇനിയും കുടിയൊഴിപ്പിയ്ക്കപ്പെട്ടവരിൽ പട്ടയം ലഭിയ്ക്കാനുള്ളവരുടെ ലിസ്റ്റ്, അർഹരാണോ അല്ലയോ എന്ന് ഫിഷറീസ് വകുപ്പും മത്സ്യഫെഡും റവന്യൂ വകുപ്പും പരിശോധിച്ച് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന് കൈമാറാനും 23/04/15 ന് ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ടി നിർദ്ദേശ പ്രകാരം മുസ്ലിം ജമാ അത്ത് പ്രതിനിധികൾ സമർപ്പിച്ച ലിസ്റ്റ് ടി അംഗങ്ങൾ പരിശോധിച്ച് 8 പേരുടെ ലിസ്റ്റ് സമർപ്പിച്ചിരിയ്ക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ക്രിസ്ത്യൻ വിഭാഗത്തിൽ നിന്നും

നാളിതുവരെ ലിസ്റ്റ് ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. യോഗ തീരുമാന പ്രകാരം ശ്രീ. സൈനുദ്ദീൻ എന്ന കക്ഷിയ്ക്ക് പട്ടയം അനുവദിയ്ക്കുകയും മറ്റ് രണ്ട് കക്ഷികൾക്ക് ഭൂമി അനുവദിയ്ക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് സ്വീകരിച്ചു വരുന്നു. കുടിയൊഴിപ്പിയ്ക്കപ്പെട്ട് പുനരധിവസിപ്പിച്ചവർക്ക് പട്ടയം ലഭിച്ചിട്ടില്ലാത്ത കേസുകളിൽ പട്ടയം അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ പുനരധിവസിയ്ക്കപ്പെടുന്നവർക്ക് ഉപാധികളില്ലാതെ പട്ടയം അനുവദിയ്ക്കണമെന്ന് തിരുവനന്തപുരം നഗരസഭയുടെ വിഴിഞ്ഞം വാർഡിന്റെ കൗൺസിൽ അംഗം ആവശ്യപ്പെട്ടിരിയ്ക്കുന്ന വിവരം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

[ 11.04.18-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 36**

**ശിപാർശ**

വിഴിഞ്ഞത്തെ മത്സ്യബന്ധന തുറമുഖ നിർമ്മാണം തുടക്കം മുതൽ ഉദ്യോഗസ്ഥ തലത്തിൽ മാത്രം ഒതുങ്ങിയതുമൂലം അവിടത്തെ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടതായും ആയതിനാൽ പ്രസ്തുത തുറമുഖവുമായി ബന്ധപ്പെട്ട നടപ്പാക്കുന്ന ഏതു നടപടികൾ സംബന്ധിച്ചും അവരെ ആദ്യം ബോധവൽക്കരിക്കേണ്ടതുണ്ടെന്നും ഇതിനായി ട്രേഡ് യൂണിയൻ നേതാക്കൾ സന്നദ്ധ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, പാരിഷ്-ജമാ അത്ത് ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി വിശാല ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക 37**

**ശിപാർശ**

വിഴിഞ്ഞം ഫിഷിംഗ് ഹാർബറിലെ രണ്ടു വാർഫുകൾക്കിടയിലുള്ള ഖബറിന്റെ സംരക്ഷണം സംബന്ധിച്ച തർക്കമാണ് ഇപ്പോഴത്തെ പ്രധാന തടസ്സങ്ങളിലൊന്ന് എന്ന് സമിതി കരുതുന്നു. ചുറ്റുമതിൽ നിർമ്മാണത്തിനു നാട്ടുകാർ തടസ്സം നിൽക്കുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ മന്ദീഭവിച്ചതായും സമിതി കണ്ടെത്തി.

**ഖണ്ഡിക 38**

**ശിപാർശ**

വിഴിഞ്ഞം ഹാർബറിന്റെ ഭൂമി കാലാകാലങ്ങളായി കയ്യേറ്റം ചെയ്യപ്പെട്ടപ്പോൾ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഭൂമി വീണ്ടും കയ്യേറാത്ത വിധത്തിൽ ഖബറിന് ഫെൻസിംഗ് നൽകി വാർഫുകളുടെ നിർമ്മാണം ഭാവിയിലേക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ പൂർത്തീകരിക്കണമെന്നും സർക്കാർ ഭൂമി കയ്യേറ്റം യാതൊരു കാരണവശാലും അനുവദിക്കരുതെന്നും ഇനി അത്തരം സംഭവങ്ങൾ ആവർത്തിച്ചാൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ജനകീയ കമ്മിറ്റികൾ വഴി ഖബർ മാറ്റി സ്ഥാപിക്കുന്നതിനുള്ള സാധ്യത കൂടി ഇക്കാര്യത്തിൽ പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## <u>ഖണ്ഡിക 39</u>

## <u>ശിപാർശ</u>

വിഴിഞ്ഞം ഹാർബറിന്റെ നിർമ്മാണവും വികസനവും സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ കാലയാപനത്തിന് കൂടുതൽ ഉണർവ്വേകുമെന്ന വിശാല താൽപര്യം മുൻനിർത്തി കാലാകാലങ്ങളിൽ വന്ന സർക്കാരുകൾ കർശന നടപടികളിലൂടെ സമയബന്ധിതമായി പ്രവർത്തിക്കാത്തതുകൊണ്ട് സാമുദായിക ചേരിതിരിവിനും അതിനനുസരിച്ച് വിഭാഗീയ ചിന്തകൾക്കും ഇടം നൽകിയെന്നും ആയത് പദ്ധതി നിർവഹണത്തിൽ അനാവശ്യ കാലവിളംബം ഉണ്ടാക്കിയെന്നും സമിതി കണ്ടെത്തുകയും ഇതു പരിഹരിക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളെയും സംഘടനകളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും പങ്കെടുപ്പിച്ച് സർവ്വകക്ഷിയോഗം വിളിച്ചു ചേർക്കണമെന്നും ടി യോഗനിർദ്ദേശം സമയബന്ധിതമായി നടപ്പാക്കണമെന്നും ടി യോഗങ്ങൾ കാലാകാലങ്ങളിൽ വിളിച്ചു ചേർത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് നാട്ടുകാരുടെ സംശയദൂരീകരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## <u>സ്വീകരിച്ച നടപടി</u>

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

വിഴിഞ്ഞം ഹാർബറിന്റെ കമ്മീഷനിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട് 10.06.2014-ൽ ബഹു. വകുപ്പുമന്ത്രി സർവ്വകക്ഷി യോഗം വിളിക്കുകയും ചുറ്റുമതിലിന്റെ നിർമ്മാണവും ഡ്രെഡ്ജിംഗ് പ്രവൃത്തികളും പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ യോഗം വിലയിരുത്തുകയും ചെയ്തു. ഡ്രെഡ്ജിംഗിന് തടസ്സമായി നിൽക്കുന്ന ഖബർ സംരക്ഷിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കുന്നതിന് ഉന്നതതല സമിതിയെ യോഗം നിശ്ചയിച്ചു. പ്രസ്തുത ഉന്നതതല സമിതി ഹാർബർ സന്ദർശിക്കുകയും ഖബർ സംരക്ഷണത്തിനായി തയ്യാറാക്കിയ ഡിസൈൻ 03.09.2014-ൽ കൂടിയ സർവ്വകക്ഷി യോഗത്തിൽ ജമാഅത്ത് പ്രതിനിധികൾ അംഗീകരിക്കുകയും ചെയ്തു. ഹാർബർ ഏരിയയ്ക്ക് ചുറ്റുമുള്ള മതിൽ നിർമ്മാണം പൂർത്തിയാക്കുന്നതിനും ഖബർ സംരക്ഷണത്തിനു ശേഷം ഡ്രഡ്ജിംഗ് നടത്തുകയും ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണ്ണ് ഹാർബറിന്റെ തെക്കുഭാഗത്തെ തീരത്തിട്ട് തീരം സംരക്ഷിക്കുന്നതിനും തീരത്തെ മണ്ണ് ഒലിച്ചുപോകാതിരിക്കാനായി ഐ.ഐ.ടി. നിർദ്ദേശിച്ചതുപോലെ രണ്ട് ഗ്രോയിനുകൾ പുനർ നിർമ്മിക്കുന്നതിനും ടി യോഗത്തിൽ തീരുമാനിച്ചു.

മേൽ തീരുമാനമനുസരിച്ച് ഖബറിന്റെ സംരക്ഷണ പ്രവൃത്തികളും ചുറ്റുമതിലിന്റെ നിർമ്മാണവും ഡ്രഡ്ജിംഗ് പ്രവൃത്തികളും ഫണ്ട് ലഭ്യമാക്കി ഏർപ്പാടാക്കുന്നതിനും ജനപിന്തുണയോടുകൂടി ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സാധിച്ചാൽ വിഴിഞ്ഞം ഹാർബർ കമ്മീഷനിംഗ് നടത്താവുന്നതാണ്.

## <u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട ഹാർബറിന്റെ ചുറ്റുമതിൽ നിർമ്മാണം, ഡ്രെഡ്ജിംഗ് പ്രവൃത്തികൾ, ഖബറിന്റെ സംരക്ഷണ പ്രവൃത്തികൾ എന്നിവ സംബന്ധിച്ച തുടർനടപടികൾ സംബന്ധിച്ച വിശദവിവര റിപ്പോർട്ട് മത്സ്യബന്ധനതുറമുഖ

വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. (27.05.2015-ലെ യോഗം)

**ഖണ്ഡിക 36-ലെ അധിക വിവരത്തിൻമേലുള്ള മറുപടി**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 09.10.2020-ലെ ബി2/124/2016/ മഉവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ പ്രശ്നങ്ങൾ പരിഹരിച്ച് ഹാർബർ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനായി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ട്രേഡ് യൂണിയൻ നേതാക്കൾ, സന്നദ്ധസംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, പാരിഷ് ജമാ-അത്ത് ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി ജനകീയ ചർച്ച നടത്തി കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

[ 01.02.22-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 37-ലെ അധികവിവരത്തിനുള്ള മറുപടി**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 09.10.2020 ലെ ബി2/124/2016/മഉവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികളിലൊന്നായ ഖബർ സംരക്ഷണം, നടപ്പാത നിർമ്മാണം എന്നിവയ്ക്കായി 04.03.2016-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെട്ടുവെങ്കിലും തെക്കുഭാഗത്തെ മോസ്ക് കോമ്പൗണ്ടിൽ നിന്നും ഖബറിലേയ്ക്കുള്ള നടപ്പാത കൂടാതെ ചെന്നിവിളാകം ഭാഗത്ത് നിന്ന് ഒരു നടപ്പാത കൂടി ഖബറിലേയ്ക്ക് നിർമ്മിക്കണമെന്ന ജമാ-അത്ത് ഭാരവാഹികളുടെ ആവശ്യം നിലനിന്ന സാഹചര്യത്തിൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതെ 06.10.2016-ൽ ക്ലോഷർ എഗ്രിമെന്റ് വച്ച് കരാറുകാരനെ ഒഴിവാക്കിയിരുന്നു.

പുതിയ കരട് മാസ്റ്റർ പ്ലാനിൽ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തെ 250 മീറ്റർ വീതം നീളമുള്ള രണ്ട് വാർഫുകൾ പരമാവധി പ്രയോജനപ്പെടുത്താവുന്ന രീതിയിൽ ഡ്രഡ്ജിംഗ് പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി നിലവിൽ 1922 മീറ്റർ നീളത്തിൽ പൂർത്തികരിച്ചു. ശേഷിക്കുന്ന 1367 മീറ്റർ ചുറ്റുമതിൽ നിർമ്മാണം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതാണ്.

[ 01.02.22-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 38-ലെ അധികവിവരത്തിനുള്ള മറുപടി**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 09.10.2020 -ലെ ബി2/124/2016/മഉവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തെ പ്രശ്നങ്ങൾ പരിഹരിച്ച് ഹാർബർ പൂർണ്ണതോതിൽ സജ്ജമാക്കുന്നതിനായി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള കരട് മാസ്റ്റർ പ്ലാനിൽ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തെ 250 മീറ്റർ വീതം നീളമുള്ള രണ്ട് വാർഫുകൾ പരമാവധി പ്രയോജനപ്പെടുത്താവുന്ന രീതിയിൽ ഡ്രഡ്ജിംഗ് പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. വിഴിഞ്ഞത്ത് മത്സ്യബന്ധന തുറമുഖത്തിനായി ഏറ്റെടുത്ത ഭൂമിയുടെ കൈയേറ്റം തടയുന്നതിന്

നടപടി സ്വീകരിക്കുന്നതാണ്.

[ 01.02.22-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 39-ലെ അധികവിവരത്തിനുള്ള മറുപടി**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 09.10.2020 -ലെ ബി2/124/2016/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കമ്മീഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ട്രേഡ് യൂണിയൻ നേതാക്കൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, പാരിഷ് ജമാ അത്ത് ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആയത് സംബന്ധിച്ച് അഭിപ്രായസമന്വയത്തിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

[ 01.02.22-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 40**

**ശിപാർശ**

വിഴിഞ്ഞം ഹാർബറിനു സമീപം പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഹോട്ടലുകൾ ഹാർബറിന്റെ വികസനത്തിന് തുരങ്കം വയ്ക്കുന്നതായും വ്യാജ പ്രചരണം നടത്തുന്നതായുമുള്ള പരാതികൾക്ക് പരിഹാരം കാണുന്നതിനായി അവരുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 13.08.2015 -ലെ 7533/ബി1/2014/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഇതിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

**സ്വീകരിച്ച നടപടി**

**(ആഭ്യന്തര(എം) വകുപ്പിന്റെ 22.01.2016 -ലെ 89246/എം1/2015/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

വിഴിഞ്ഞം ഹാർബറിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തടസവാദങ്ങൾ ഉന്നയിക്കുക, വ്യാജപ്രചരണങ്ങൾ നടത്തുക എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കുന്നതിന് വിഴിഞ്ഞം SI ക്കും കോവളം, വിഴിഞ്ഞം പോലീസ് സ്റ്റേഷനുകളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 41**

**ശിപാർശ**

ഹാർബറിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സം നേരിട്ടതുമൂലം അനുവദിച്ച ഫണ്ട് വിനിയോഗിക്കാൻ സാധിക്കാതെ തിരിച്ചടയ്ക്കേണ്ട സാഹചര്യം ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഹാർബറിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള തടസ്സങ്ങൾ ജനകീയ

കമ്മിറ്റി വഴി പരിശോധിച്ച് തീർപ്പാക്കി ടി പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

ഖബറിന്റെ സംരക്ഷണ പ്രവൃത്തികളും ചുറ്റുമതിലിന്റെ നിർമ്മാണവും ഡ്രഡ്ജിംഗ് പ്രവൃത്തികളും ഫണ്ട് ലഭ്യമാക്കി ഏർപ്പാടാക്കുന്നതിനും ജനപിന്തുണയോടുകൂടി ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സാധിച്ചാൽ വിഴിഞ്ഞം ഹാർബർ കമ്മീഷനിംഗ് നടത്താവുന്നതാണ്.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട ഹാർബറിന്റെ ചുറ്റുമതിൽ നിർമ്മാണം, ഡ്രെഡ്ജിംഗ് പ്രവൃത്തികൾ, ഖബറിന്റെ സംരക്ഷണ പ്രവൃത്തികൾ എന്നിവ സംബന്ധിച്ച തുടർനടപടികൾ സംബന്ധിച്ച വിശദവിവര റിപ്പോർട്ട് മത്സ്യബന്ധനതുറമുഖ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. (27.05.15-ലെ സമിതി യോഗം)

**അധിക വിവരത്തിനുള്ള മറുപടി**

**[മത്സ്യബന്ധന തുറമുഖ (ബി)-വകുപ്പ്, 09.10.2020-ലെ ബി2/124/2016/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിലെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി നിലവിൽ 1922 മീറ്റർ നീളത്തിൽ പൂർത്തീകരിച്ചു. മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന 1367 മീറ്റർ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

[ 01.02.22-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 42**

**ശിപാർശ**

മറ്റു പ്രദേശങ്ങളിൽ നിന്നും വരുന്ന തൊഴിലാളികൾ വിഴിഞ്ഞം പ്രദേശത്ത് മത്സ്യബന്ധനം നടത്തി മത്സ്യലേലത്തിനായി എത്തുമ്പോൾ തദ്ദേശീയർക്ക് ലേലഹാളിൽ സ്ഥലം കൊടുക്കാത്തതിനാൽ പിടിക്കുന്ന മത്സ്യം ചീഞ്ഞു പോകുന്നുണ്ടെന്നും ആയത് സംഘർഷത്തിന് വഴിവെയ്ക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നതിനാൽ ജനകീയ കമ്മിറ്റി വഴി പ്രശ്നം പരിഹരിച്ച് ലേലഹാൾ അവർക്കു കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

ഹാർബർ കമ്മീഷനിംഗ് നടക്കുമ്പോൾ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. ഡ്രെഡ്ജിംഗ് പൂർത്തിയാക്കുമ്പോൾ 1000 ച.മീ. വിസ്തീർണ്ണമുള്ള രണ്ട് ലേലപ്പുരകൾ കൂടി മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നതാണ്.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട ഹാർബറിന്റെ ചുറ്റുമതിൽ നിർമ്മാണം, ഡ്രെഡ്ജിംഗ് പ്രവൃത്തികൾ, ഖബറിന്റെ സംരക്ഷണ പ്രവൃത്തികൾ എന്നിവ സംബന്ധിച്ച തുടർനടപടികൾ സംബന്ധിച്ച വിശദവിവര റിപ്പോർട്ട് മത്സ്യബന്ധനതുറമുഖ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. (27.05.15-ലെ സമിതി യോഗം)

**അധിക വിവരത്തിനുള്ള മറുപടി**

**[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് 09.10.2020-ലെ ബി2/124/2016/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി തയ്യാറാക്കി വരുന്ന മാസ്റ്റർ പ്ലാനിൽ ലോക്കർമുറികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രവർത്തനക്ഷമമാകുന്നതോടുകൂടി കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

[ 01.02.22-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 43</u>**

**ശിപാർശ**

ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജനകീയ കമ്മിറ്റി വഴി പരിഹാരം കണ്ട് ഡ്രഡ്ജിംഗ് നടത്തി ടി മണ്ണുപയോഗിച്ച് തീരങ്ങളെ ബലപ്പെടുത്തി ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തി സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും മത്സ്യം സൂക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനം ഏർപ്പെടുത്തുകയും തന്ത്രപ്രാധാന്യമുള്ള സ്ഥലം ആയതിനാൽ വാച്ച് ടവർ ഉൾപ്പെടെയുള്ള പ്രദേശത്തിന്റെ മതിയായ സുരക്ഷയ്ക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.03.2015-ലെ 7553/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

ഡ്രഡ്ജിംഗ് നടത്തി ടി മണ്ണുപയോഗിച്ച് തീരം ബലപ്പെടുത്തുന്നതിനാണ് സർവ്വകക്ഷിയോഗത്തിൽ തീരുമാനമായിട്ടുള്ളത്. ബാക്കി മണ്ണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിന് ഉപയോഗിക്കുന്നതിന് ഇവിടെയുള്ള ജനങ്ങൾ എതിർക്കുന്നുവെന്നാണ് ഇതുവരെയുള്ള അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കുന്നത്. ഡ്രെഡ്ജ് ചെയ്തിട്ടിരിക്കുന്ന മണ്ണ് സർക്കാരിൽ പൈസ അടച്ച് എടുത്തുകൊണ്ടുപോകുന്നതിന് ഏർപ്പാടാക്കിയാലും തീരത്തെ മണ്ണ്

അടിഞ്ഞത് ഡ്രെഡ്ജ് ചെയ്യതിനാൽ അത് മത്സ്യത്തൊഴിലാളികൾക്ക് അവകാശപ്പെട്ടതാണ് എന്നതാണ് ഇവിടെയുള്ള ജനങ്ങളുടെ വീക്ഷണം ഹാർബറിലെ മണ്ണ് പലപ്പോഴും അനധികൃതമായി എടുത്തുകൊണ്ടു പോകുകയാണ്. ഇത് തടയുന്നതിന് ഡിപ്പാർട്ട്മെന്റിനോ പോലീസിനോ സാധിക്കാതെ വരുന്നു. അതിനാൽ തീരം നികത്തിയതിനു ശേഷം ബാക്കി വരുന്ന മണ്ണ് വിൽക്കണമെങ്കിൽ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുകയും പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും ശക്തമായ പിന്തുണയും ആവശ്യമാണ്.

മത്സ്യം സൂക്ഷിക്കുന്നതിനായി ഐസ് പ്ലാന്റിന്റെയും കോൾഡ് സ്റ്റോറേജിന്റെയും നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്. ഐസ് പ്ലാന്റ് ബിൽഡിംഗ് ടെൻഡർ ചെയ്തു കഴിഞ്ഞു. വാച്ച് ടവർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പോർട്ട് വകുപ്പിന് നൽകിയിട്ടുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

വിഴിഞ്ഞം ഹാർബർ ഡ്രഡ്ജിംഗ് ചെയ്തിട്ടിരിക്കുന്ന മണ്ണ് അനധികൃതമായി എടുത്ത്കൊണ്ട് പോകുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച മറുപടി ലഭ്യമാക്കണമെന്നും മത്സ്യബന്ധനതുറമുഖ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. (27.05.15-ലെ സമിതി യോഗം)

<u>അധികവിവരത്തിന്മേലുള്ള മറുപടി</u>

**(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് , 9.10.2020-ലെ ബി2/124/2016/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഹാർബറിലെ ഡ്രഡ്ജിംഗ് നടത്തിയശേഷമുള്ള മണ്ണ് ജിയോട്യൂബിൽ നിറച്ച് തീരസംരക്ഷണ പ്രവർത്തനം നടത്തുന്നത്, മത്സ്യം സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ് നിർമ്മാണം എന്നിവ വിഴിഞ്ഞം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

[ 01.02.22-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

<u>**ഖണ്ഡിക 44**</u>

**ശിപാർശ**

ഫിഷിംഗ് ഹാർബറിന്റെ തുടർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.എഫ്. ഡി.ബി.യിൽ നിന്നും റിനോവേഷൻ ഫണ്ട് അനുവദിക്കണമെങ്കിൽ പദ്ധതി ഭാഗികമായെങ്കിലും കമ്മീഷൻ ചെയ്യേണ്ടതുണ്ടെന്നതിനാൽ അതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)**

കമ്മീഷനിംഗിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 45**

**ശിപാർശ**

താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലുള്ള ഒരു ആശുപത്രിയും കോസ്റ്റൽ ഏരിയയിൽ ഇല്ലാത്തതിനാൽ പൂവാർ, വിഴിഞ്ഞം, പുല്ലുവിള എന്നീ ഹെൽത്ത് സെന്ററുകളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെയും സ്റ്റാഫിനേയും നിയമിക്കണമെന്നും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്, 02.02.2018-ലെ 19970/എം1/2014/ആകുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത് )**

പദവി ഉയർത്തുക എന്നതിനല്ല ഇപ്പോൾ സർക്കാർ മുൻതൂക്കം നൽകുന്നത്. വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതനുസരിച്ച് ജില്ലാതല താലൂക്ക്തല ആശുപത്രികളിൽ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ ആർദ്രം പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഒരു ഡോക്ടറുടെയും, ഒരു ലാബ് ടെക്നീഷ്യന്റെയും, രണ്ട് സ്റ്റാഫ് നഴ്സിന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. വരും വർഷങ്ങളിലും കൂടുതൽ പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന കാര്യം പരിഗണനയിലുണ്ട്. തുടർന്ന് മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും തുറമുഖമേഖലയായ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം സി.എച്ച്.സി. സ്ഥിതിചെയ്യുന്ന പ്രദേശം അതിദ്രുതം ഒരു വ്യാവസായിക മേഖലയായി വികസിച്ചു വരുന്ന സാഹചര്യത്തിൽ ഭാവി ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് വിഴിഞ്ഞം സി.എച്ച്.സി.യിൽ കൂടുതൽ അടിസ്ഥാന വികസനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്.

[ 04.07.18-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 46**

**ശിപാർശ**

വിഴിഞ്ഞം ഫിഷിംഗ് ഹാർബർ യാർഡിലെ കാലപ്പഴക്കം ചെന്ന വൈദ്യുതി കേബിളുകൾ മാറ്റി മതിയായ ലൈറ്റിംഗ് സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**[ഊർജ്ജ (ബി) വകുപ്പ്, 10.04.2015-ലെ 3577/ബി3/14/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

വിഴിഞ്ഞം ഫിഷിംഗ് ഹാർബർ യാർഡിലെ കാലപഴക്കം ചെന്ന വൈദ്യുതി കേബിളുകൾ മാറ്റി മതിയായ ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന ശിപാർശയിൽ പരാമർശിച്ചിട്ടുള്ള ഭാഗങ്ങളിലെ മുഴുവൻ എൽ.റ്റി. ലൈൻ കണ്ടക്ടറും മാറ്റി പുതിയ ലൈൻ വലിക്കുകയും തിരുവനന്തപുരം നഗരസഭയുടെ നിർദ്ദേശാനുസരണം പ്രസ്തുത പ്രദേശങ്ങളിൽ LED ലൈറ്റുകൾ

സ്ഥാപിക്കുകയും ചെയ്തിട്ടുള്ള വിവരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അറിയിച്ചിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

<u>സ്വീകരിച്ച നടപടി</u>

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.08.2015-ലെ 7533/ബി1/14/മതുവ. നമ്പർ പ്രകാരം ലഭിച്ചത്)**

ട്രോളിംഗ് നിരോധനത്തിനോടനുബന്ധിച്ച് അടിയന്തര അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ട്. ഫിഷ് ലാന്റിംഗ് സെന്ററിൽ ലൈറ്റിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് NFDB ഫണ്ടിലുൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

[14.06.2017-ലെ യോഗം അധികവിവരം ആരാഞ്ഞു: മറുപടി ലഭ്യമായിട്ടില്ല.]

<u>നീണ്ടകര മത്സ്യബന്ധന തുറമുഖം</u>

**<u>ഖണ്ഡിക 48</u>**

**ശിപാർശ**

നീണ്ടകര ഫിഷിംഗ് ഹാർബറിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന ശക്തികുളങ്ങര ഭാഗത്ത് സ്ഥലം ലഭ്യമാക്കാത്തതിനാൽ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന 98 മീറ്റർ നീളമുള്ള വാർഫിന്റെ നിർമ്മാണം ഏർപ്പാടാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ആവശ്യത്തിലേയ്ക്കായി 25.40 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. ശക്തികുളങ്ങര ഹാർബർ പ്രവൃത്തികൾ പൂർത്തിയാക്കി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് പ്രസ്തുത സ്ഥലം ഏറ്റെടുത്ത് വാർഫിന്റെ നിർമ്മാണം ത്വരിതപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ വാർഫിന്റെ നിർമ്മാണം നടത്തുന്നതിന് വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

നീണ്ടകര ഫിഷിംഗ് ഹാർബറിലെ ശക്തികുളങ്ങര ഭാഗത്തെ 98 മീറ്റർ വാർഫ് നിർമ്മിക്കുന്നതിനും, ഹാർബറിൽ നിന്നും നാഷണൽ ഹൈവേയിലേയ്ക്കുള്ള റോഡ് നിർമ്മിക്കുന്നതിനുമായി 25.4 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഹൈലെവൽ കമ്മിറ്റിയുടെ പരിഗണനയിലാണ്. SLEC യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതും ശേഷിക്കുന്ന നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായിരിക്കും.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

നീണ്ടകര ഫിഷിംഗ് ഹാർബറിലെ 98 മീറ്റർ വാർഫ് നിർമ്മാണം, ഹാർബറിൽ നിന്നും

നാഷണൽ ഹൈവേയിലേയ്ക്കുള്ള റോഡ് നിർമ്മാണം എന്നീ വിഷയങ്ങൾ സംബന്ധിച്ച തുടർനടപടികളുടെ വിശദവിവര റിപ്പോർട്ട് മത്സ്യബന്ധനതുറമുഖ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. (27.05.2017-ലെ സമിതി യോഗം)

**അധിക വിവരത്തിനുള്ള മറുപടി**

**[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 09.10.2020-ലെ 124/ബി2/2016/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

നീണ്ടകര ഹാർബറിനെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിനും ഹാർബറിന്റെ വികസനത്തിനുമായി ശക്തികുളങ്ങര ഭാഗത്ത് 32.41 ആർ സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

[ 01.02.22-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(റവന്യൂ വകുപ്പ് , 01.12.2014-ലെ 49270/ബി3/14/റവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി 25.40 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിനായി ഹൈലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊല്ലം ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ സ്ഥലം ഏറ്റെടുക്കൽ നിയമം പ്രാബല്യത്തിൽ വരികയും, ആയതിൻ പ്രകാരം സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്യാത്ത സാഹചര്യത്തിൽ ടി സ്ഥലമെടുപ്പിന് അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഭൂവുടമകളുമായി വില സംബന്ധിച്ച് ധാരണയിലെത്തി ഡയറക്ട് പർച്ചേസിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കൊല്ലം ജില്ലാ കളക്ടറോടും ഭരണ വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് നെഗോഷിയേറ്റഡ് പർച്ചേസിനുള്ള അനുമതി നൽകുന്ന കാര്യം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതല സമിതി പരിഗണിക്കുന്നതാണ്.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടികൾ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. (27.05.15-ലെ സമിതി യോഗം)

**അധിക വിവരത്തിനുള്ള മറുപടി**

**(റവന്യൂ (ബി) വകുപ്പ്, 22.11.2017-ലെ ബി3/452/17/റവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി ശക്തികുളങ്ങര വില്ലേജിൽ സർവ്വേ നമ്പർ 16/10, 16/40 എന്നിവയിലുൾപ്പെട്ട 25.40 ആർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുവാൻ 18/06/2015-ലെ ജി.ഒ.(ആർ.ടി.)3143/15/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ കളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

[ 11.04.18-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 49**

**ശിപാർശ**

ശക്തികുളങ്ങര ഹാർബറിന്റെ തുറസ്സായ പരിസര പ്രദേശങ്ങളിൽ വെച്ച് ചെമ്മീൻ പീലിംഗ് നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതും യൂസർ ഫീ നിരക്ക് കിലോഗ്രാമിന് ഒരു രൂപയായി കുറച്ചുകൊണ്ടും പീലിംഗ് ഷെഡ്ഡിൽ ഇരുന്നുകൊണ്ട് ജോലി ചെയ്യുന്നതിന് സൗകര്യം ഒരുക്കിക്കൊണ്ടും മുഴുവൻ തൊഴിലാളികളെയും പീലിംഗ് ഷെഡ്ഡിനുള്ളിലേയ്ക്ക് മാറ്റുന്നതിനും മത്സ്യ വിപണനത്തിനും സംസ്കരണത്തിലും കയറ്റുമതിയിലും ഗുണമേന്മ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു പ്രാദേശിക കമ്മിറ്റി രൂപീകരിക്കണമെന്നും തൊഴിലാളികളെ പീലിംഗ് പ്രവൃത്തിക്കായി ഷെഡ്ഡിനുള്ളിലേയ്ക്ക് മാറ്റുന്നതിന് മുമ്പ് അവർക്ക് മതിയായ ബോധവൽക്കരണം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ് , 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഹാർബറിലെ ലേലപ്പുരകളിൽ വച്ച് വനിതാ മത്സ്യത്തൊഴിലാളികൾ പീലിംഗ് പ്രവർത്തി ചെയ്തു വരുന്നത് നിറുത്തലാക്കുന്നതിനായി ഡിപ്പാർട്ടുമെന്റ് നിരവധി തവണ ഇവർക്ക് നോട്ടീസ് നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുകയുണ്ടായി. ശക്തികുളങ്ങരയിൽ മത്സ്യഫെഡ് നിർമ്മിച്ചിട്ടുള്ള പീലിംഗ് സെന്ററിൽ ഇരുന്നുകൊണ്ട് പണി എടുക്കാൻ സാധിക്കാത്തതും, യൂസർ ചാർജ്ജ് കുറയ്ക്കാത്തതും ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നതിൽ നിന്നും വനിതാ മത്സ്യത്തൊഴിലാളികളെ പിന്തിരിപ്പിക്കുന്നു. ജില്ലാ കളക്ടർ ചെയർമാനായി, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ഫിഷറീസ്, മത്സ്യഫെഡ്, തൊഴിലാളി പ്രതിനിധികൾ എന്നിവരുടെ ഒരു കമ്മിറ്റി രൂപീകരിച്ച് വനിതാ മത്സ്യത്തൊഴിലാളികളുമായി ചർച്ച ചെയ്ത്, ശരിയായ ബോധവത്കരണം നടത്തി മാത്രമേ ഹാർബറിലെ പീലിംഗ് നിറുത്തലാക്കാൻ സാധിക്കുകയുള്ളൂ. ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവന്ന് മീറ്റിംഗ് വിളിച്ച് പ്രശ്ന പരിഹാരത്തിന് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 50</u>**

**ശിപാർശ**

നീണ്ടകര തുറമുഖത്ത് ബോട്ടുകൾക്കും വള്ളങ്ങൾക്കും സൗകര്യപ്രദമായ രീതിയിൽ ബെർത്തിംഗ് പ്ലേസ് സജ്ജീകരിക്കുന്നതിന് നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഹാർബറിൽ അടുക്കുന്ന ബോട്ടുകളും, വള്ളങ്ങളും പ്രത്യേകം മാർക്ക് ചെയ്ത സ്ഥലങ്ങളിൽ

പിടിയ്ക്കുന്നതിന് പ്രത്യേകം ബോർഡുകൾ സ്ഥാപിക്കുന്നതിനും, ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് ബോട്ടുടമകളുടെയും വള്ളക്കാരുടെയും സഹകരണം തേടിയിട്ടുമുണ്ട്. ഇപ്പോൾ ഹാർബറിൽ ഇത് സംബന്ധിച്ച് പ്രശ്നങ്ങളുണ്ടാകാതെ പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 51**

**ശിപാർശ**

തദ്ദേശവാസികളായ തൊഴിലാളികൾക്കു മാത്രമേ അവിടുത്തെ പ്രശ്നങ്ങൾ അടുത്തറിയാനും അവതരിപ്പിക്കാനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കാനും കഴിയുകയുള്ളൂ എന്നതിനാൽ വിവിധ തലത്തിലുള്ള യൂണിയൻ പ്രതിനിധികളും ബോട്ടുടമകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധിയും ഉൾപ്പെടുന്ന ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ച് ഹാർബറുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം, അടിയന്തരമായ അറ്റകുറ്റപ്പണികൾ, ശുചിത്വ നിലവാരം മെച്ചപ്പെടുത്താനുള്ള സംവിധാനം തുടങ്ങിയവ ഹാർബറിന്റെ വരുമാനം ഉപയോഗിച്ച് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14 മറുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഇപ്പോൾ ഹാർബറിന് ലഭിക്കുന്ന വരുമാനം ട്രഷറിയിൽ അടയ്ക്കുകയാണ് പതിവ്. ഹാർബറിലെ ക്ലീനിംഗ് തൊഴിലാളികൾക്കുള്ള വേതനം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ലഭ്യമാകുന്ന മുറയ്ക്ക് മാത്രമാണ് പ്രവർത്തി ക്രമീകരിക്കാൻ സാധിക്കുന്നത്. ഇതുമൂലം അടിയന്തര പ്രാധാന്യത്തോടെ ചെയ്യേണ്ട പല പ്രവർത്തികളും സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കില്ല. ഹാർബറിന്റെ വരുമാനത്തിന്റെ 50% തുക ജില്ലാ കളക്ടർ ചെയർമാനായ ഹാർബർ മാനേജ്മെന്റ് കമ്മിറ്റി മുഖേന ചെലവഴിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പ് അംഗീകരിക്കുകയുണ്ടായില്ല. സമിതിയുടെ ശിപാർശകൂടി കണക്കിലെടുത്ത് ഹാർബറിൽ നിന്നും ലഭിക്കുന്ന വരുമാനം ഹാർബർ വികസനത്തിനായി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 52**

**ശിപാർശ**

നീണ്ടകര ഫിഷിംഗ് ഹാർബറിലെ ബെയ്സിനിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനായി ഡ്രെഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണ്ണ് ഹാർബറിലെ കളങ്ങളിൽ നിക്ഷേപിക്കുകയും പൊതുജനങ്ങൾക്ക് ക്യൂബിക് മീറ്ററിന് 30 രൂപ നിരക്കിൽ വിൽപ്പന നടത്തുകയുമാണ് ചെയ്തു വന്നിരുന്നത്. എന്നാൽ നിലവിൽ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് ക്യൂബിക് മീറ്ററിന് 1404

രൂപയ്ക്ക് നൽകുന്നു. പ്രസ്തുത സ്ഥാപനം യഥാസമയം കരാർ വച്ച് മണ്ണ് നീക്കം ചെയ്യാത്തതിനാൽ കുളങ്ങൾ നിറയുന്നതായും തുടർന്ന് ഡ്രെഡ്ജിംഗ് നടത്താൻ പറ്റാത്ത അവസ്ഥ സംജാതമാകുന്നതായും സമിതി മനസ്സിലാക്കുന്നു. ഇൽമനൈറ്റ് കൂടുതലുള്ള മണ്ണായതുകൊണ്ട് പൊതുജനങ്ങൾക്ക് വിൽക്കാൻ സാധിക്കാത്തതിനാൽ പൊതുമേഖലാ സ്ഥാപനങ്ങളെക്കൊണ്ട് മണ്ണ് അടിയന്തരമായി നീക്കം ചെയ്ത് ഡ്രെഡ്ജിംഗ് നടത്താനുള്ള സാഹചര്യം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>**സ്വീകരിച്ച നടപടി**</u>

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

നീണ്ടകര ഹാർബർ ബെയിസിനിൽ നിന്നും ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണ്ണ് പൊതുജനത്തിന് മുമ്പ് ക്യൂബിക് മീറ്ററിന് 30/- രൂപ നിരക്കിൽ നൽകിയിരുന്നു. തുടർന്ന് നടത്തിയ ലേലത്തിൽ ഒരു വ്യക്തി ക്യൂബിക് മീറ്ററിന് 1404/- രൂപ നിരക്ക് രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ ഇൽമനൈറ്റുള്ള മണലായതിനാൽ ടി മണ്ണ് IRE ഇതേ തുകയ്ക്ക് ഏറ്റെടുക്കാൻ തയ്യാറാവുകയും സർക്കാർ അവർക്ക് നൽകാൻ ഉത്തരവാകുകയും ചെയ്തു. എന്നാൽ മണ്ണ് നീക്കുന്നത് സംബന്ധിച്ച് ചില പ്രാദേശിക തർക്കങ്ങൾ ഉണ്ടായതിനെ തുടർന്ന് IRE യുടെ മണ്ണ് നീക്കം തടസ്സപ്പെട്ടിരുന്നു. തുടർന്ന് ജന പ്രതിനിധികളുമായും, പഞ്ചായത്ത് അധികൃതരുമായും, IRE ഉദ്യോഗസ്ഥർ ചർച്ച ചെയ്ത് പരിഹാരം കണ്ടശേഷം 17000 $M^3$ ഡ്രഡ്ജ്ഡ് സ്പോയിൽ ഹാർബറിൽ നിന്നും നീക്കം ചെയ്യുകയുണ്ടായി. തുടർന്ന് അവർ നടത്തിയ ലാബ് ടെസ്റ്റിൽ ശേഷിക്കുന്ന ഡ്രഡ്ജ്ഡ് സ്പോയിലിൽ Heavy minerals ന്റെ അളവ് 5%ത്തിൽ താഴെയാണെന്നും കക്ക, ചെളി എന്നിവ കൂടുതലടങ്ങിയ മണ്ണ് നികത്താൻ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂവെന്നും റിപ്പോർട്ട് നൽകിയിരുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ ഡ്രഡ്ജ്ഡ് സ്പോയിൽ ഹാർബറിൽ നിന്നും നീക്കം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ കരിമണൽ ലോബിയെ സഹായിക്കാനും കേരളത്തിൽ നിന്നും ഈ ടെൻഡറിന്റെ മറവിൽ കരിമണൽ അന്യസംസ്ഥാനങ്ങളിലേയ്ക്ക് കടത്താനും സാദ്ധ്യതയുണ്ടെന്ന പത്ര മാധ്യമങ്ങളിൽ വന്ന വാർത്തയെ തുടർന്ന് ടെണ്ടർ മാറ്റിവച്ചു. ഇപ്പോൾ IRE,KMML എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരിക്കൽ കൂടി മണ്ണ്(ഡ്രഡ്ജ് സ്പോയിൽ) ടെസ്റ്റ് ചെയ്ത് അവരുടെ ഓഫർ അറിയിക്കാൻ കത്ത് നൽകിയിരിക്കുകയാണ്. ഡ്രഡ്ജ് ചെയ്ത് ഹാർബറിൽ ഇട്ടിരിക്കുന്ന മണ്ണ് കുളങ്ങളിൽ നിന്ന് അടിയന്തരമായി നീക്കം ചെയ്തില്ലെങ്കിൽ ഹാർബറിലെ ഡ്രഡ്ജിംഗ് തടസ്സപ്പെടുകയും ഫിഷിംഗ് ബോട്ടുകളുടെ പോക്കുവരവിനെ ബാധിക്കുകയും ചെയ്യും. IRE,KMML എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെക്കൊണ്ട് ഡ്രഡ്ജ്ഡ് സ്പോയിൽ ഹാർബറിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 53**

**ശിപാർശ**

അഷ്ടമുടിക്കായലിൽ അടക്കംകൊല്ലി വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ഗുണമേന്മയുള്ള മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്നതിന് കാരണമാകുന്നു. മത്സ്യസമ്പത്തിന്റെ ലഭ്യത കുറയുന്നതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം ഉപേക്ഷിച്ച് മറ്റു ജോലികളിൽ ഏർപ്പെടുന്നതിന് നിർബന്ധിതരാകുന്നു. ആയതിനാൽ അടക്കംകൊല്ലി വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് നിരോധിക്കണമെന്നും വകുപ്പ് ഇക്കാര്യത്തിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14 മറുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

സംസ്ഥാന സർക്കാർ നിരോധിച്ച മത്സ്യബന്ധന വലകളുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ മറൈൻ എൻഫോഴ്സ്മെന്റ്, നീണ്ടകര ഫിഷറീസ് ഇൻസ്പെക്ടർ എന്നിവരുടെ സഹായത്തോടെ പരിശോധന കർശനമാക്കിയിട്ടുണ്ട്. നിരോധിത വലകൾ ഉപയോഗിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുകയും കൂടാതെ ഇത്തരം നിരോധിത വലകൾ ഉപയോഗിക്കുന്നവർക്കെതിരെ പരാതിപ്പെടാനായി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, നീണ്ടകര, സർക്കിൾ ഇൻസ്പെക്ടർ മറൈൻ എൻഫോഴ്സ്മെന്റ് എന്നിവരുടെ ടെലിഫോൺ നമ്പർ നൽകിക്കൊണ്ട് പത്രവാർത്തയും നൽകിയിട്ടുണ്ട്. തീരദേശ ജാഗ്രത സമിതി വഴിയും ഇത്തരം വലകൾ ഉപയോഗിക്കുന്നവരുടെ വിവരങ്ങൾ വകുപ്പിനെ അറിയിക്കാനും അവരെ നിരുത്സാഹപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കായൽ പട്രോളിംഗ് ശക്തമാക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 54**

**ശിപാർശ**

ശക്തികുളങ്ങര ഹാർബറിൽ ക്ലീനിംഗ് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കൃത്യമായ വേതനം ലഭിക്കുന്നില്ലെന്ന പരാതി സമിതി മുമ്പാകെ ഉയർന്നുവന്നു. അവർക്ക് കൃത്യമായി വേതനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14 മറുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഹാർബറിൽ ക്ലീനിംഗ് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കൃത്യമായി വേതനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>സ്വീകരിച്ച നടപടി</u>**

**(മത്സ്യബന്ധന തുറമുഖ(ഡി) വകുപ്പ്, 18.05.2019-ലെ 1968/ഡി2/2015 മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

നീണ്ടകര/ശക്തികുളങ്ങര ഹാർബറിൽ ജോലി ചെയ്തു വരുന്ന ദിവസവേതന തൊഴിലാളികൾക്ക് മുൻകാലങ്ങളിൽ 2405-00-103-97-18 മെയിന്റനൻസ് എന്ന ശീർഷകത്തിൽ നിന്നായിരുന്നു വേതനം നൽകിയിരുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലം മുൻകാലങ്ങളിൽ യഥാസമയം തൊഴിലാളികൾക്ക് വേതനം നൽകാൻ കഴിഞ്ഞിരുന്നില്ല. ദിവസവേതന തൊഴിലാളികൾക്ക് വേതനം നൽകുന്നതിനായി മാത്രം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പ്രത്യേകമായി 2405-00-103-02-Wages എന്ന ശീർഷകം അനുവദിക്കുകയും, ഈ ശീർഷകത്തിൽ ഫണ്ട് അനുവദിച്ച് നൽകിയതുവഴി നിലവിൽ കൃത്യമായി ടി ജോലിക്കാർക്ക് വേതനം നൽകുന്നുണ്ട്.

[ 17.07.19-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 55</u>**

**ശിപാർശ**

നീണ്ടകര, ശക്തികുളങ്ങര ഹാർബറുകളിലുള്ള മിൽമാ ബൂത്ത്, ടെലിഫോൺ ബൂത്ത്, പാൻഷോപ്പ് എന്നിവയ്ക്ക് കൂടി കടകൾ അനുവദിച്ച് അവ ഷോപ്പിംഗ് കോംപ്ലക്സിലേയ്ക്ക് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**(മത്സ്യബന്ധന തുറമുഖ(ബി)വകുപ്പ്, 13.03.2015-ലെ 7533/ബി1/14 മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഹാർബറിൽ മിൽമാബൂത്ത്, ടെലിഫോൺ ബൂത്ത്, പാൻഷോപ്പ് എന്നിവകൂടി പ്രവർത്തിപ്പിക്കുന്നതിന് കടകൾ അനുവദിച്ച് സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ശക്തികുളങ്ങര/നീണ്ടകര ഹാർബറിലെ മുഴുവൻ കച്ചവടസ്ഥാപനങ്ങളും പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുകയും പഴയ പെട്ടിക്കടകൾ പൊളിച്ചു നീക്കുകയും ചെയ്തിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 56</u>**

**ശിപാർശ**

ശക്തികുളങ്ങരയിൽ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ അവിടെ ഒരു പ്രാഥമികാരോഗ്യകേന്ദ്രം അനുവദിക്കുന്നതിന് സത്വര നടപടിയുണ്ടാകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

<u>**സ്വീകരിച്ച നടപടി**</u>

**(മത്സ്യബന്ധന തുറമുഖ(സി) വകുപ്പ്, 08.07.2015-ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത് )**

പ്രാഥമിക ആരോഗ്യ കേന്ദ്രം ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചെയ്തു നൽകുന്നതാണ്. എന്നാൽ പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനുള്ള പോസ്റ്റ് ക്രിയേഷൻ, സ്റ്റാഫിനെ പോസ്റ്റ് ചെയ്യുക എന്നിവയ്ക്ക് ധനകാര്യവകുപ്പിന്റെയും, ആരോഗ്യവകുപ്പിന്റെയും അംഗീകാരം ആവശ്യമാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ ആരോഗ്യവകുപ്പിനോടാവശ്യപ്പെടുന്നതാണ്.

അടിസ്ഥാന സൗകര്യ വികസനം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഒരുക്കി നൽകുന്നതാണ്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

<u>**സ്വീകരിച്ച നടപടി**</u>

**(ആരോഗ്യകുടുംബക്ഷേമ(FW) വകുപ്പ്, 09-07-2015-ലെ 19993/FW1/2014/ആകുവ. നമ്പർ കത്ത് പ്രകാരം)**

കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ നിലവിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

<u>**ഖണ്ഡിക 57**</u>

**ശിപാർശ**

തീരദേശവാസികളുടെ ഉപയോഗാർത്ഥം തങ്കശ്ശേരിയിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം നിർമ്മിച്ചുവെങ്കിലും ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതിനാൽ അവർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പ്രാഥമികാരോഗ്യകേന്ദ്രത്തിലേയ്ക്ക് മതിയായ ജീവനക്കാരെ നിയമിച്ച് സ്ഥാപനത്തിന്റെ പ്രയോജനം തദ്ദേശവാസികൾക്ക് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ കൈകൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>**സ്വീകരിച്ച നടപടി**</u>

**(ആരോഗ്യകുടുംബക്ഷേമ(എം) വകുപ്പ്, 02.02.2018-ലെ 19970/എം1/2014/ആകുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കൊല്ലം കോർപ്പറേഷന്റെ പരിധിയിലുള്ള തങ്കശ്ശേരി വാടിയിൽ ദേശീയ നഗരാരോഗ്യ ദൗത്യത്തിന്റെ പരിധിയിൽ 24.03.2015 മുതൽ അർബൻ പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിച്ചുവരുന്നു. കൊല്ലം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സി.വൈ.എം.എസ്.ലൈബ്രറി കെട്ടിടത്തിൽ പാട്ടക്കരാർ അടിസ്ഥാനത്തിലാണ് ടി സ്ഥാപനം പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തിൽ താഴെപറയുന്ന ജീവനക്കാരെ ആരോഗ്യ കേരളം മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

മെഡിക്കൽ ഓഫീസർ - 1

പീഡിയാട്രീഷ്യൻ -1

(ആഴ്ചയിൽ രണ്ട് ദിവസം)

ലാബ്ടെക്നീഷ്യൻ -1

ഫാർമസിസ്റ്റ് -1

അർബൻ ജെ.പി.എച്ച്.എൻ- 7

നിലവിലെ സ്ഥല പരിമിതിയുള്ളതിനാൽ കൂടുതൽ സ്ഥലം ലഭ്യമാക്കാൻ കൊല്ലം കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

കൊല്ലം ജില്ലയിൽ തങ്കശ്ശേരി വാർഡിൽ പ്രവർത്തിക്കുന്ന അർബൻ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്ഥലം കൊല്ലം കോർപ്പറേഷൻ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു.

<u>അധിക വിവരത്തിനുള്ള മറുപടി</u>

**(ആരോഗ്യകുടുംബക്ഷേമ(എം) വകുപ്പ്, 18.11.2021-ലെ HEALTH-M1/263/2021/ HEALTH-നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കൊല്ലം ജില്ലയിൽ തങ്കശ്ശേരി വാർഡിൽ പ്രവർത്തിക്കുന്ന അർബൻ പ്രാഥമികാരോഗ്യകേന്ദ്രത്തിന് കൊല്ലം കോർപ്പറേഷനിൽ നിന്നും സ്ഥലം നാളിതുവരെ അനുവദിച്ചിട്ടില്ല. നിലവിൽ ടി ആരോഗ്യകേന്ദ്രം മുതാക്കര പള്ളിയുടെ കെട്ടിടത്തിൽ പാട്ടക്കരാർ വ്യവസ്ഥയിലാണ് പ്രവർത്തിച്ചു വരുന്നത്.

[ 01.02.22-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 58</u>**

**ശിപാർശ**

മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ചികിത്സാ സഹായപദ്ധതി നിലവിലുള്ളതിനാൽ ഇ.എസ്.ഐ. ആനുകൂല്യം അനുവദിക്കുന്നില്ല. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം നഷ്ടപ്പെടുത്താതെ ഈ വിഭാഗം ജനങ്ങളെ ഇ.എസ്.ഐ. ആനുകൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞ് തുടർനടപടി സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്,
13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

മത്സ്യത്തൊഴിലാളികളും, അനുബന്ധ തൊഴിലാളികളും സ്വന്തം നിലയിൽ തൊഴിൽ ചെയ്ത് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവരായതിനാൽ ESI ആനുകൂല്യത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

<u>ചേറ്റുവ മത്സ്യബന്ധന തുറമുഖം</u>

**<u>ഖണ്ഡിക 60</u>**

**ശിപാർശ**

ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ, ബ്രേക്ക് വാട്ടറിന്റെ നിർമ്മാണഘട്ടത്തിൽ സിങ്കേജ് പ്രശ്നം ശ്രദ്ധയിൽപ്പെട്ടതിനാൽ ഡിസൈനിൽ മാറ്റം വരുത്തിയതായും പദ്ധതിച്ചെലവിൽ 18 ശതമാനം വർദ്ധനവ് ഉണ്ടായതായും ചെന്നൈയിലെ ഐ.ഐ.ടി. ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം പ്രവൃത്തി പുരോഗമിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാപഠനം ചെന്നൈ ഐ.ഐ.ടി. മുഖേന നടത്തിയപ്പോൾ സിങ്കേജ് സാദ്ധ്യത മുൻകൂട്ടി കാണാതിരുന്നതും നിർമ്മാണ ഘട്ടത്തിൽ സിങ്കേജ് പ്രശ്ന പരിഹാരത്തിനായി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിനെ ഏർപ്പെടുത്തിയതും അവരുടെ നിർദ്ദേശം ഫലവത്താകാതെ വന്നപ്പോൾ വീണ്ടും ഐ.ഐ.ടി.യെത്തന്നെ സമീപിച്ചതും മാതൃകാപഠന വേളയിൽത്തന്നെ സിങ്കേജ് പോലെ പ്രാധാന്യമുള്ള വിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധചെലുത്തിയില്ലെന്ന് വ്യക്തമാക്കുന്നു. ഇക്കാര്യത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അതിനാൽ എല്ലാ ഫിഷിംഗ് ഹാർബറുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് മുന്നോടിയായുള്ള പ്രാഥമിക പഠന വേളയിൽത്തന്നെ ഫലപ്രദവും വിശദവുമായ അപഗ്രഥനം നടത്തണമെന്നും പ്രവൃത്തികൾ ആരംഭിച്ച ശേഷം ഡിസൈനിലും മറ്റും മാറ്റം വരുത്തേണ്ടി വരുന്ന രീതി പരമാവധി ഒഴിവാക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്,**
**13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കെ ഇരുപുലിമുട്ടുകളിലും പലപ്രാവശ്യം സിങ്കേജ് സംഭവിച്ചതിനെതുടർന്ന് ചെന്നൈ ഐ.ഐ.ടി.യെ വിദഗ്ധ പഠനത്തിനായി ചുമതലപ്പെടുത്തുകയും നിർദ്ദേശാനുസരണം പുലിമുട്ടുകളുടെ ഇരുവശങ്ങളിലുമായി 3-5 ടൺ കല്ലുകളുപയോഗിച്ച് ബേം നിർമ്മിക്കുകയും ചെയ്തുവരുന്നു.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**<u>ഖണ്ഡിക 61</u>**

**ശിപാർശ**

ചേറ്റുവ ഫിഷിംഗ് ഹാർബറിൽ അപ്രോച്ച് റോഡിനെ ബ്രേക്ക് വാട്ടറുമായി ബന്ധിപ്പിക്കുന്ന സി.എസ്. ഗോപാലൻ റോഡും ബ്രേക്ക് വാട്ടറും പൂർണ്ണമായും തകർന്നു കിടക്കുകയാണെന്നും അവയുടെ പുനർ നിർമ്മാണത്തിന് താമസം നേരിടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. റോഡിന്റെ പുനർ നിർമ്മാണം മത്സ്യമേഖലയെ സംബന്ധിച്ചിടത്തോളം അടിയന്തര പ്രാധാന്യം അർഹിക്കുന്നതിനാൽ അതിന്റെ പ്രവൃത്തി എത്രയും വേഗം ആരംഭിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഫിഷറീസ് വകുപ്പിന്റെ പരിധിയിൽ ചെലവഴിക്കാവുന്ന തുക വിനിയോഗിച്ചുകൊണ്ട് അടിയന്തരമായി റോഡിന്റെ പുനർ നിർമ്മാണം നടത്തുന്നതിനും

ശേഷിക്കുന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച് ഈ-ടെണ്ടർ മുഖേന പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്,**
**08.07.2015-ലെ 7511/സി2/14/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്**

സി.എസ്. ഗോപാലൻ റോഡിന്റെ പുനരുദ്ധാരണം 700 മീറ്റർ ചേറ്റുവ പ്രോജക്ടിലും 900 മീറ്റർ മെയിന്റനൻസിലും ഉൾപ്പെടുത്തി ഏർപ്പാടാക്കി പൂർത്തീകരിച്ചുവരുന്നു.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**[മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്, 13.06.2016-ലെ 3521/സി2/15/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിൽ അപ്രോച്ച് റോഡിനെ ബ്രേക്ക് വാട്ടറുമായി ബന്ധിപ്പിക്കുന്ന ടി.എസ്. ഗോപാലൻ റോഡിന്റെ നവീകരണം ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ 700 മീറ്റർ ചേറ്റുവ പ്രോജക്ടിലും 900 മീറ്റർ മെയിന്റനൻസിലും ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 62**

**ശിപാർശ**

ശാസ്ത്രീയമായി വിശദപഠനം നടത്തി സമുദ്രാന്തർഭാഗത്ത് രൂപം കൊള്ളുന്ന മണൽത്തിട്ടകൾ യഥാസമയം ഡ്രെഡ്ജിംഗ് നടത്തി നീക്കം ചെയ്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്,**

**13.03.2015-ലെ 7533/ബി1/14/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

പുതിയ വാർഫിന് മുൻവശം ഡ്രഡ്ജ് ചെയ്യുന്നതിനുള്ള പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട്. ബാക്കി ഡ്രഡ്ജിംഗ് ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 63**

**ശിപാർശ**

ചേറ്റുവ ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജിംഗ് പ്രവൃത്തി സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനാണ് ചെയ്യുന്നതെന്നും സ്ഥലം കൈമാറ്റം സംബന്ധിച്ച് ഒരു കേസ് നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ തീരുമാനം വരേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ഒരു എതിർ സത്യവാങ്മൂലം ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സമിതിക്ക് ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ സർക്കാർ തീരുമാനം അടിയന്തരമായി ഉണ്ടാകേണ്ടതിനാൽ കേസുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>**സ്വീകരിച്ച നടപടി**</u>

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്,**
**13.08.2015-ലെ 7533/ബി1/14/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ചേറ്റുവ ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തി സുനാമി പദ്ധതിയിലുൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഏർപ്പാടാക്കിയിട്ടില്ല. ചേറ്റുവ ഫിഷിംഗ് ഹാർബറിൽ ഏർപ്പാടാക്കിയ ഡ്രഡ്ജിംഗ് പ്രവൃത്തിയെ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
"Removal of sand from the estuary of Chettuva by Dredger TSD Sinduraj" എന്ന പ്രവൃത്തിയ്ക്ക് "4405-00-104-79-Dredging of Fishing Harbours and Fish Landing Centres" എന്ന ശീർഷകത്തിൽ ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് 2,07,360/- രൂപയുടെ സാങ്കേതികാനുമതി 23-11-2006 ലെ 6/HESC/06-07 നമ്പർ ഉത്തരവ് പ്രകാരം നൽകി പ്രവൃത്തി Kerala State Maritime Corporation മുഖാന്തിരം ഏർപ്പാടാക്കിയിട്ടുള്ളതാണ്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

<u>**ഖണ്ഡിക 64**</u>

**ശിപാർശ**

തൃശ്ശൂർ ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഓഫീസുകളൊന്നും നിലവിലില്ല എന്ന് സമിതി മനസ്സിലാക്കുന്നു. മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ ഒരു ഓഫീസ് സ്ഥാപിച്ച് മതിയായ ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

<u>**സ്വീകരിച്ച നടപടി**</u>

**(മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്,**
**18.05.2019-ലെ 1968/ഡി2/2015/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

തൃശ്ശൂർ ജില്ലയിൽ കുടെലിയൂർ ഭാഗത്ത് ചേറ്റുവ മത്സ്യബന്ധന തുറമുഖ പദ്ധതി പ്രദേശത്തായി ചേറ്റുവ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും രണ്ട് അസിസ്റ്റന്റ് എഞ്ചിനീയറുടേയും ഓഫീസുകൾ ഇപ്പോൾ നിലവിലുണ്ട്. തീരദേശ ജില്ലകളിൽ തൃശ്ശൂർ ജില്ലയിൽ മാത്രം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്/ജില്ലാ ഓഫീസ് ഇല്ല. തീരദേശ റോഡുകളുടേയും, നബാർഡ്, ആർ.കെ.വി.വൈ. തുടങ്ങിയ മറ്റു പദ്ധതികളുടെയും എണ്ണം കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയിലും ഒരു ജില്ലാ ഓഫീസ് തുറക്കുന്നത് പ്രവൃത്തികൾ കുറച്ചുകൂടി നല്ല രീതിയിൽ ക്രമീകരിക്കുന്നതിന് ഉപകരിക്കുമെന്നതിനാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

[ 17.07.19-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

<u>**ഖണ്ഡിക 65**</u>

<u>**ശിപാർശ**</u>

കേടായി കിടക്കുന്ന ബോട്ടുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും അടിയന്തരഘട്ടത്തിലെ ഉപയോഗത്തിനായി ചേറ്റുവ ഫിഷിംഗ് ഹാർബറിനുവേണ്ടി ഒരു ജീവൻരക്ഷാ ബോട്ട് വാങ്ങുന്നതിനും അത് ഓടിക്കുന്നതിനാവശ്യമായ പരിശീലനം ലഭിച്ച ലൈസൻസുള്ള ബോട്ടുജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ

ചെയ്യുന്നു. കൂടാതെ വാടകയ്ക്ക് എടുക്കുന്ന ബോട്ടുകൾ പരിശോധിച്ച് അവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.08.2015-ലെ 7533/ബി1/14 മറുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ട്രോളിംഗ് നിരോധന സമയത്ത് കടൽരക്ഷാ പ്രവർത്തനത്തിനും പെട്രോളിംഗിനുമായി 8 തീരദേശ ജില്ലകളിൽ വാടകയ്ക്ക് ബോട്ട് എടുത്ത് രക്ഷാപ്രവർത്തനം നടത്തിവരുന്നു.

ട്രോളിംഗ് നിരോധനത്തിന് ശേഷമുള്ള കാലയളവിൽ 5 ഫിഷറീസ് സ്റ്റേഷനുകൾ(വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ) കേന്ദ്രീകരിച്ച് ഓരോ ബോട്ട് വാടകയ്ക്ക് എടുത്ത് രക്ഷാ പ്രവർത്തനം നടത്താറുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ കേന്ദ്രീകരിച്ച് ഫിഷിംഗ് ബോട്ട് വാങ്ങുന്നതിനുള്ള നിർദ്ദേശം നിലവിൽ ഇല്ല. കേടായി കിടക്കുന്ന വൈപ്പിൻ, വിഴിഞ്ഞം എന്നിവിടങ്ങളിലെ എഫ്.ആർ.പി. ബോട്ടുകൾ റിപ്പയർ ചെയ്ത് രക്ഷാപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടൽരക്ഷാ പ്രവർത്തനത്തിന് വാടകയ്ക്ക് എടുക്കുന്ന ബോട്ടുകളുടെ ഭൗതിക പരിശോധന നടത്തിയതിനുശേഷമാണ് കടൽ രക്ഷാ പ്രവർത്തനത്തിന് ഉപയോഗിക്കുന്നത്.

മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്കായി മറൈൻ ആംബുലൻസ് വാങ്ങുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുന്നതിനായി 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിനും ആംബുലൻസ് വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 66**

**ശിപാർശ**

മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെയും സാമൂഹിക ചുറ്റുപാടിനെയും ദോഷമായി ബാധിക്കുമെന്നതിനാൽ കടൽത്തീരം കൈയ്യേറ്റം ചെയ്യുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.08.2015-ലെ 7533/ബി/1/14 മറുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കടൽത്തീരം കൈയ്യേറ്റം ചെയ്യുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകണമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 67**

**ശിപാർശ**

ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിന് തടസ്സം സൃഷ്ടിച്ചു വീണുകിടക്കുന്ന കാറ്റാടി മരങ്ങൾ മുറിച്ചുമാറ്റുന്നതിന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പ്രദേശത്തെ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി സോഷ്യൽ ഫോറസ്ട്രി വകുപ്പ് വച്ചുപിടിപ്പിച്ചിരിക്കുന്ന കാറ്റാടി മരങ്ങൾക്ക് ചുവട്ടിൽ കുറ്റിച്ചെടികൾ വളർന്ന് കൊടുംകാടായി മാറി ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തീരപ്രദേശങ്ങളിൽ ഇടതൂർന്നു വളർന്നു നിൽക്കുന്ന കുറ്റിക്കാടുകൾ വെട്ടി സ്ഥലം വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.08.2015-ലെ 7533/ബി/1/14 മുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ചേറ്റുവ കടൽത്തീരത്ത് വീണു കിടക്കുന്ന കാറ്റാടി മരങ്ങൾ നീക്കം ചെയ്യുന്നതിനും, കുറ്റിക്കാടുകൾ വെട്ടി സ്ഥലം വൃത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് സോഷ്യൽ ഫോറസ്റ്റ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 68**

**ശിപാർശ**

കടലോര പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം ഒരു പ്രധാന വിഷയമായി മാറിയിരിക്കുന്നു. ശുദ്ധജല വിതരണ പദ്ധതിയിലൂടെ പലയിടത്തും ഉപ്പുരസം കലർന്ന വെള്ളമാണ് വിതരണം ചെയ്യുന്നതെന്ന പരാതി ഉയർന്നു വരുന്നുണ്ട്. പല പഞ്ചായത്തുകളും അവരുടെ ആവശ്യങ്ങളുടെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയാണ് കുടിവെള്ള പദ്ധതിയും നടപ്പിലാക്കുന്നത്. തത്ഫലമായി പല പദ്ധതികളും നടപ്പിലാക്കി ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതിന് വർഷങ്ങളോളം കാലതാമസം നേരിടുന്നു. ചില സന്ദർഭങ്ങളിൽ ഒരു പഞ്ചായത്തിനു മാത്രമായി ഒരു പദ്ധതി നടപ്പിലാക്കാൻ പല സാങ്കേതിക തടസ്സങ്ങളും ഉണ്ടാകാറുണ്ട്. അത്തരം സാഹചര്യത്തിൽ പല പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒറ്റ പദ്ധതിയായി ആസൂത്രണം ചെയ്ത് ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ശുദ്ധജല വിതരണത്തിനായി സ്ഥാപിച്ചിരിക്കുന്ന പൈപ്പുകൾ പലതും കാലപ്പഴക്കം കൊണ്ട് ഉപയോഗക്ഷമമല്ലാതായിരിക്കുന്നു. ആയതിനാൽ കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പി.വി.സി പൈപ്പുകൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(ജലവിഭവ(ജലവിതരണ-സി) വകുപ്പ്,, 19.07.2016-ലെ 11225/സി1/15 ജ.വി.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

തീരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനും വേണ്ടി കേരള വാട്ടർ അതോറിറ്റി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടേയും തീരദേശ വികസന കോർപ്പറേഷന്റേയും (KSCADC) ഫണ്ടുപയോഗിച്ച് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. KSCADC ഫണ്ടുപയോഗിച്ച് കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി 108 ചെറുകിട പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും അതിൽ 61 എണ്ണം പൂർത്തീകരിച്ച് ജലവിതരണം നടത്തി വരികയും ചെയ്യുന്നുണ്ട്. മറ്റു പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെയും, കേരള സർക്കാരിന്റെയും, NABARD-ന്റെയും ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയും കടലോര മേഖലകളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾ ഏകദേശം എല്ലാം തന്നെ സാങ്കേതികമായി ജലവിതരണം സാധ്യമാകുന്ന വിവിധ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ബൃഹത് പദ്ധതികളായാണ് നടപ്പിലാക്കിയിട്ടുള്ളത്. ഫണ്ട് അപര്യാപ്തമാകുന്ന സന്ദർഭങ്ങളിലും സാങ്കേതിക സാധ്യത ഇല്ലാതെ വരുന്ന സാഹചര്യങ്ങളിലും മാത്രമാണ് ഒരു പഞ്ചായത്തിനു വേണ്ടി മാത്രം പദ്ധതി നടപ്പിലാക്കേണ്ടി വരുന്നത്. അത്തരം സാഹചര്യങ്ങൾ കഴിയുന്നതും ഒഴിവാക്കി എല്ലാ കാലയളവിലും ജലം ലഭ്യമാകത്തക്ക വിധത്തിൽ നദികളോ ജലസംഭരണികളോ സ്രോതസ്സായുള്ള ബൃഹത് പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

ഇപ്രകാരം പുതിയ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കിയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ചും തീരദേശ മേഖലകളിൽ വേനൽക്കാലമുൾപ്പെടെയുള്ള എല്ലാ കാലയളവിലും ശുദ്ധജലം ലഭ്യമാക്കാനുള്ള നടപടികൾ എടുത്തിട്ടുള്ളതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്, 02.02.2015-ലെ 29288/എഫ്.എം3/2014/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി(2012-17)യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സീഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖപ്രകാരം ജീവിത നിലവാരം ഉയർത്തുന്നതിന് വേണ്ടി എല്ലാവർക്കും കുടിവെള്ളമടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകുവാനും, പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലകളിൽ ഇക്കാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകുവാനും

നിർദ്ദേശിച്ചിട്ടുണ്ട്. നിയമസഭ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കടലോര പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി, ഒരു പഞ്ചായത്തിന് മാത്രമായി ഒരു പദ്ധതി നടപ്പിലാക്കുവാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകുന്നപക്ഷം പല പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു പദ്ധതിയായി ആസൂത്രണം ചെയ്ത് ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള നടപടി കൈക്കൊള്ളുന്നതിനും, ശുദ്ധജല വിതരണത്തിനായി സ്ഥാപിച്ചിരിക്കുന്ന, കാലപ്പഴക്കം കൊണ്ട് കാര്യക്ഷമമല്ലാതായ പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന നൽകിയിട്ടുണ്ട്.

**<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>**

കടലോര പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളമടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു. (27.05.17-ലെ സമിതി യോഗം)

**<u>അധികവിവരത്തിനുള്ള മറുപടി</u>**

**(തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്, 28.12.2016-ലെ 1215/എഫ്.എം3/2015/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കടലോര പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് വിവിധ പഞ്ചായത്തുകളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് താഴെ പ്രകാരമുള്ള കാര്യങ്ങൾ സമർപ്പിക്കുന്നു.

വെട്ടൂർ ഗ്രാമപഞ്ചായത്തിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് നിർമ്മിച്ചു കൈമാറിയ കുടിവെള്ള വിതരണ പദ്ധതി നിലവിലുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് വ്യക്തിഗത ധനസഹായം നൽകി വരുന്നു. കുളത്തൂർ ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ പൈപ്പ് ലൈൻ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇവിടെ പൊതു സ്ഥലത്ത് ടാപ്പ് സ്ഥാപിച്ചിട്ടുണ്ട്. പൂവാർ ഗ്രാമപഞ്ചായത്തിൽ ഹാർബർ എഞ്ചിനീയറിംഗിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതിയിൽ നിന്നും തീരദേശ വാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നു. കഠിനംകുളം ഗ്രാമപഞ്ചായത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി പ്രകാരം തുക വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കരുംകുളം ഗ്രാമപഞ്ചായത്തിൽ 2014-15 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തീരദേശ വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്നതിന്, പള്ളം-കിളിത്തട്ട് കുടിവെള്ള പദ്ധതി, കുളപ്പുര കുടിവെള്ള പദ്ധതി, പുല്ലുവിള കുടിവെള്ള പദ്ധതി, കൊച്ചുതുറ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, ജോൺ പോൾ രണ്ടാമൻ കുടിവെള്ള പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിലെ തീരദേശ വാർഡുകളിൽ

കുടിവെള്ളമെത്തിക്കുന്നതിന് 2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അമ്പലപ്പുഴ തീരദേശ കുടിവെള്ള പദ്ധതി എന്ന പേരിൽ തുക വകയിരുത്തി ഭൂജല വകുപ്പുമായി സഹകരിച്ച് നിർവ്വഹണം പൂർത്തീകരിക്കുന്ന രീതിയിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ടി പ്രവൃത്തി ചെയ്യുന്നതിന് ഭൂജല വകുപ്പിന് തുക കൈമാറിയിട്ടുള്ളതാണ്. പദ്ധതി പൂർത്തിയാകുമ്പോൾ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാകുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അജാനൂർ ഗ്രാമപഞ്ചായത്തിൽ, മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് മത്സ്യ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പൈപ്പ് ലൈൻ നീട്ടി നൽകിയിട്ടുണ്ട്. മംഗൽവാടി ഗ്രാമ പഞ്ചായത്തിൽ ഷിറിയ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. മൊഗ്രാൽ- പുത്തൂർ ഗ്രാമപഞ്ചായത്തിൽ കാവുഗോളി കടപ്പുറത്ത് ഗുണഭോക്തൃ സമിതി നടത്തുന്ന കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിച്ചു വരുന്നു. ഉദുമ ഗ്രാമ പഞ്ചായത്തിൽ ബി.ആർ.ഡി.സി. പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട് ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം കീഴൂർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി നടപ്പിലാക്കുകയും 2015-16 വാർഷിക പദ്ധതിയിൽ തുക അടങ്കലാക്കി കീഴൂർ പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതി തയ്യാറാക്കി അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ പൈപ്പ് ലൈൻ വലിച്ച് പൊതു വാട്ടർ ടാപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിൽ ഹൊസബെട്ടു കടപ്പുറം കുടിവെള്ള പദ്ധതി 2011-12 വർഷം ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ട്. കുമ്പള ഗ്രാമ പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തീരദേശ പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നു.

പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിൽ 2013-14 വർഷത്തിൽ ടാങ്കുകളിൽ കുടിവെള്ളമെത്തിച്ച് വിതരണം ചെയ്തിട്ടുണ്ട്. വെളിയങ്കോട് ഗ്രാമപഞ്ചായത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ ഫണ്ട് 52 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. കിണർ കുഴിക്കാൻ സ്ഥലം വിട്ടു കിട്ടിയിട്ടുണ്ട്. ഇതിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മുഖാന്തിരം കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. പുറത്തൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി 3 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വെട്ടം ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയിലുൾപ്പെടുത്തി 26 ഗുണഭോക്തൃ സമിതികൾ മുഖേന ചെറുകിട പദ്ധതികൾ പ്രവർത്തിച്ചു വരുന്നു.

മാട്ടൂർ ഗ്രാമപഞ്ചായത്തിൽ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യതൊഴിലാളികൾക്ക് കുടിവെള്ളം, കിണർ നിർമ്മാണത്തിന് ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്. ധർമ്മടം ഗ്രാമപഞ്ചായത്തിൽ പരിക്കടവ് കുടിവെള്ള പദ്ധതി ചാത്തോടം കുടിവെള്ള പദ്ധതി, മാരിയമ്മൽ കുടിവെള്ള പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. മുഴപ്പിലങ്ങാട് പഞ്ചായത്തിൽ നിന്നുള്ള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എടക്കാട് പഞ്ചായത്തിലേക്ക് നീട്ടുകയും പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം എത്തിക്കുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ കടലോര ഗ്രാമപഞ്ചായത്തുകളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള

വിതരണം നടത്തി വരികയും കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പുകൾ മുഖേന കുടിവെള്ള വിതരണം നടത്തുകയും ചെയ്യുന്നു.

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഒറവങ്കര കുടിവെള്ള പദ്ധതി മുഖേന ടാങ്ക് നിർമ്മിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നു. ചെങ്ങോട്ട് കാവ് ഗ്രാമപഞ്ചായത്തിൽ ഏഴുകുടിക്കൽ കുടിവെള്ള പദ്ധതി ജലനിധി ഏറ്റെടുക്കുകയും ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ടി പഞ്ചായത്തിൽ ജലനിധിയുടെ മറ്റൊരു കുടിവെള്ള പദ്ധതിയും, തിളക്കം എന്ന പേരിലുള്ള ജലനിധിയുടെ വേറൊരു കുടിവെള്ള പദ്ധതിയും ഗുണഭോക്തൃ കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. മൂടാടി ഗ്രാമപഞ്ചായത്തിൽ 4 വാർഡുകളിലായി തീരദേശ വാസികൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് കുണ്ടുകുളം ലക്ഷം വീട്, ഉരുപുണ്യകാവ്, പുളിയോട്ടുകുന്നുമ്മൽ എന്നീ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ എന്ന കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അഴിയൂർ ഗ്രാമപഞ്ചായത്തിൽ 7 വാർഡുകളിലായി കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. ഇവിടെ വേനൽക്കാലങ്ങളിൽ പ്രത്യേക കുടിവെള്ള വിതരണം നടത്തി വരുന്നു. തിക്കോടി ഗ്രാമപഞ്ചായത്തിൽ മന്ദത്ത് പറമ്പ്, വടക്കേ മന്ദത്ത് എന്നീ പദ്ധതികൾ പ്രവർത്തിച്ചു വരുന്നു. ടി പഞ്ചായത്തിൽ ആനക്കണ്ടി കുടിവെള്ള പദ്ധതിയുടെ പ്രവർത്തി പുരോഗമിച്ചു വരുന്നു. ചോറോട് ഗ്രാമപഞ്ചായത്തിൽ 2 വാർഡുകളുടെ ഫിഷറീസ് ഫണ്ടുപയോഗിച്ച് ഒരു കുടിവെള്ള പദ്ധതിക്ക് ആവശ്യമായ കിണർ, ടാങ്ക് എന്നിവയുടെ പണി നടന്നു വരുന്നു. ഇവിടെ ജലനിധിയിലുൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വടക്കേക്കര ഗ്രാമപഞ്ചായത്തിൽ 2014-15 ൽ ഗാർഹിക കുടിവെള്ള കണക്ഷൻ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. ചെല്ലാനം ഗ്രാമപഞ്ചായത്തിൽ 2013-14 ൽ ശുദ്ധജല വിതരണ കുഴൽ, ഡീസാലിനേഷൻ പ്ലാന്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ ഫിഷറീസ് വകുപ്പ് വഴി കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കുമ്പളം ഗ്രാമപഞ്ചായത്തിൽ 2014-15 ൽ സമ്പൂർണ്ണ വാട്ടർ കണക്ഷൻ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

## പൊതുവിഷയങ്ങൾ

## ഖണ്ഡിക 69

### ശിപാർശ

കടലോര പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മുനമ്പം ഭാഗത്ത് ചെയ്തിരുന്ന രീതിയിൽ ഡിസാലിനേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് കടൽ വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം സംബന്ധിച്ച പഠനങ്ങൾ നടത്തി ചെലവു കുറഞ്ഞ രീതിയിൽ നടപ്പിലാക്കണമെന്നും ഇതു സംബന്ധിച്ച ആവർത്തന ചെലവുകൾക്ക് ആവശ്യമായ തുക മത്സ്യബന്ധന വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(ജലവിഭവ(ജലവിതരണ-സി) വകുപ്പ്, 04.11.2014-ലെ 17594/സി1/14/ജ.വി.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

എറണാകുളം ജില്ലയിലെ കുമ്പളങ്ങിയിൽ ഒരു ദശലക്ഷം ലിറ്റർ ശേഷിയുള്ള ഡീസലൈനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഐ.ഐ.റ്റി ചെന്നൈ പഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്ന മുറയ്ക്ക് അത് വിലയിരുത്തിയ ശേഷം അതേ മാതൃകയിൽ ധന ലഭ്യതയും സ്ഥല ലഭ്യതയും അനുസരിച്ച് കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ് ഉചിതം എന്ന് സർക്കാർ കരുതുന്നു.

[ 28.01.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്,**

**08.07.2015-ലെ 7511/സി2/14/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

തീരദേശമേഖലയിലെ പഞ്ചായത്തുകളിൽ പലയിടത്തും കുടിവെള്ളക്ഷാമം നിലവിലുണ്ട്. M/s. VISL-ന്റെ സാമൂഹിക പ്രതിബദ്ധത പദ്ധതിയിലുൾപ്പെടുത്തി മൂന്നു മില്ല്യൺ ലിറ്റർ ട്രീമെന്റ് പ്ലാന്റ് സ്ഥാപിച്ച് വിഴിഞ്ഞം മേഖലയിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. കൂടാതെ 50,000 ലിറ്റർ വെള്ളം കൂടി ഹാർബറിനുവേണ്ടി ലഭിക്കുന്നതിനാൽ കുടിവെള്ള പ്രശ്നം ഇവിടെ ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നുണ്ട്. കൂടാതെ ഹാർബറിന് സ്വന്തമായി ജലസ്രോതസ്സുകളും വിതരണ സംവിധാനവും നിലവിലുണ്ട്.

[ 14.06.17-ലെ യോഗത്തിൽ തീരപ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും 21.06.2017-ലെ യോഗത്തിൽ തെളിവെടുപ്പ് നടത്തുകയും റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.]

**ഖണ്ഡിക 70**

**ശിപാർശ**

മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ക്ഷേമത്തിനായി വിഭാവനം ചെയ്തിരിക്കുന്ന ആനുകൂല്യത്തിന്റെ പ്രയോജനം അവർക്ക് പൂർണ്ണമായും ലഭ്യമാക്കുന്നതിനു വേണ്ടി കടാശ്വാസ കമ്മീഷനുമായി ചർച്ച നടത്തി പോരായ്മകൾ പരിഹരിക്കുന്നതിനും ആനുകൂല്യം നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾക്കും കൂടി ബാധകമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ മുഴുവൻ കേസുകളിലും തീർപ്പുകൽപ്പിക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കണമെന്നും ഇതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുന്ന തുകയ്ക്കു പുറമേയുള്ള വായ്പാ തുക വ്യക്തികൾ തന്നെ അടച്ചു തീർക്കണമെന്നുള്ളതിനാൽ മത്സ്യമേഖലയിൽ ഇതു സംബന്ധിച്ച് നിലനിൽക്കുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഒരു ബോധവൽക്കരണ പരിപാടിയും ക്രമീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധനതുറമുഖ (ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഇതുവരെയായി VI ലിസ്റ്റുകൾ തയ്യാറാക്കുകയും സർക്കാരിന്റെ അംഗീകാരത്തിനു നൽകുകയും ആയതിൽ I, II, III ലിസ്റ്റുകളിൽ തീർപ്പു കൽപ്പിച്ച് കടാശ്വാസം നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ അംഗീകരിച്ച IV, V, VI ലിസ്റ്റുകൾ സഹകരണ വകുപ്പ്, മത്സ്യഫെഡ് എന്നിവർക്ക് ആഡിറ്റിനായി നൽകിയിരിക്കുകയാണ്.

ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളിൽ കടാശ്വാസം നൽകുന്നതിനായി ആഡിറ്റിംഗ് നടത്തുന്നതിനുള്ള സാങ്കേതിക വശം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സബ് കമ്മിറ്റി രൂപീകരിച്ച് സ.ഉ.(സാധാ)നം.534/14/മതുവ തീയതി 01.07.2014 പ്രകാരം ഉത്തരവായിട്ടുണ്ട്.

2014-15 ബഡ്ജറ്റിൽ 1 കോടി രൂപയും SDG യിൽ 25 കോടി രൂപയും മത്സ്യത്തൊഴിലാളി കടാശ്വാസം നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

IV, V, VI ലിസ്റ്റുകളുടെ ആഡിറ്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളുമായി ബന്ധപ്പെട്ട കടാശ്വാസം അനുവദിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 71**

**ശിപാർശ**

എല്ലാ മത്സ്യബന്ധന തുറമുഖ പ്രദേശങ്ങളുടെയും പരിസര പ്രദേശങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനവും ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതും വളരെ പ്രാധാന്യമർഹിക്കുന്നുവെന്ന് സമിതി വിലയിരുത്തുന്നു. മലിനജലം ഒഴുകിപ്പോകാനുള്ള ഓടകളും ഖരമാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതും ലേലപ്പുരയും മത്സ്യസംസ്കരണം നടത്തുന്ന സ്ഥലങ്ങളും യഥാസമയം വൃത്തിയാക്കുന്നത് കർക്കശമാക്കുന്നതും കടപ്പുറങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നാൽക്കാലികളെ നിയന്ത്രിക്കുന്നതും ജൈവമാലിന്യം സംസ്കരിച്ച് വളമായി രൂപാന്തരപ്പെടുത്തുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതും തുറമുഖങ്ങളെയും അനുബന്ധ പ്രദേശങ്ങളെയും പരിസ്ഥിതി സൗഹൃദ സ്ഥിതിയിലേയ്ക്ക് നയിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഓരോ മത്സ്യബന്ധന തുറമുഖത്തോടനുബന്ധിച്ചും തീരദേശവാസികളുടെ പരിപൂർണ്ണ സഹകരണത്തോടെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം സ്ഥാപിക്കുന്നതിനായി ഒരു തദ്ദേശീയ സംയോജിത തുറമുഖ പരിപാലന സൊസൈറ്റി രൂപീകരണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധനതുറമുഖ(സി) വകുപ്പ്, 08.07.2015-ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നത് ഒരു തദ്ദേശീയ സംയോജിത തുറമുഖ പരിപാലന

സൊസൈറ്റി രൂപീകരണം എന്നാണ്. ഇതിന്റെ ലക്ഷ്യം ഹാർബറുകളുടെ ശുചിത്വപരിപാലനവും, അടിസ്ഥാന സൗകര്യ വികസനവും ആണ്. ഹാർബറുകളിൽ മാലിന്യം അടിഞ്ഞു കൂടുന്നതും, മലിനജലം കെട്ടിക്കിടക്കുന്നതും തീർത്തും ഒഴിവാക്കേണ്ടതാണ്. ഇതിനായി ഓടകളും മറ്റും ശരിയായി പരിപാലിക്കുകയും ഖര, ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കേണ്ടതുമാണ്. ഇവയിൽ നിന്നും ഹാർബറിലേക്ക് ആവശ്യമായ ഇന്ധനം ഉറപ്പാക്കുവാനും സാധിക്കുന്നതാണ്. ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.08.2015-ലെ 7533/ബി1/14/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്]**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിലുള്ള എല്ലാ മത്സ്യബന്ധന തുറമുഖങ്ങളുടെയും ലേലപ്പുരയും ലോഡിംഗ് ഏരിയയും, പാർക്കിംഗ് ഏരിയയും പരിസര പ്രദേശങ്ങളും യഥാസമയം വൃത്തിയാക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. ഇതിനായി ആധുനിക രീതിയിലുള്ള ഹൈപ്രഷർ ക്ലീനറുകൾ ഉപയോഗിക്കുന്നതാണ്. പ്ലാസ്റ്റിക്, പി.വി.സി. തുടങ്ങിയ ഖരമാലിന്യങ്ങൾ പ്രത്യേകം ശേഖരിക്കുന്നതും നിർമ്മാർജ്ജനം ചെയ്യുന്നതുമാണ്.

കോഴിക്കോട് ജില്ലയിൽ ഓരോ മത്സ്യബന്ധന തുറമുഖത്തോട് അനുബന്ധിച്ചും തീരദേശവാസികളുടെ പരിപൂർണ്ണ സഹകരണത്തോടെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള സ്ഥിരം സംവിധാനം സംബന്ധിച്ച് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ഫിഷറീസ്, MPEDA തുടങ്ങിയ വകുപ്പുകളുടെ ഉദ്യോഗസ്ഥരുമായി ഒരു യോഗം 16-04-15 ന് നടന്നിരുന്നു. ഇതനുസരിച്ച് സമഗ്രമായ ഒരു ഫിഷിംഗ് ഹാർബർ ഓപ്പറേഷൻ & മാനേജ്മെന്റ് മാന്വൽ തയ്യാറാക്കി വരുന്നുണ്ട്.

മറ്റു മത്സ്യബന്ധന തുറമുഖങ്ങളിലും മത്സ്യത്തൊഴിലാളികളെയും തീരദേശ വാസികളെയും ഉൾപ്പെടുത്തി സംയോജിത തുറമുഖ പരിപാലന സൊസൈറ്റി രൂപീകരിച്ച് ഹാർബറുകളുടെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുവരെ കമ്മീഷൻ ചെയ്യാത്ത ഹാർബറുകളിൽ കമ്മീഷനിംഗിനുശേഷം NFDB ഫണ്ട് ലഭ്യമാക്കി റിനോവേഷൻ പ്രവൃത്തികൾ നടത്തിയും അല്ലെങ്കിൽ തീരദേശവാസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ മുഖാന്തിരം ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചും ടി പ്രശ്നം പരിഹരിക്കാവുന്നതാണ്.

[ 14.06.17-ലെ യോഗം അധികവിവരം ആരാഞ്ഞു: മറുപടി ലഭ്യമായിട്ടില്ല.]

**<u>ഖണ്ഡിക 72</u>**

**ശിപാർശ**

ഇനിയുള്ള എല്ലാ പുലിമുട്ടുകളുടെയും നിർമ്മാണം നടത്തുമ്പോൾ പൂനെയിലുള്ള വാട്ടർ റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഭിപ്രായം കൂടി ആരായണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ

ഇപ്രകാരമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കടലിന്റെ സ്വഭാവം, തിരമാലകളുടെയും കടലൊഴുക്കിന്റെയും ഗതി തുടങ്ങിയ ഘടകങ്ങളിൽ പരിചയസമ്പന്നരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അഭിപ്രായം കൂടി ആരായണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(ജലവിഭവ(ഐ.ആർ) വകുപ്പ്, 19.09.2014-ലെ 11816/ഐ.ആർ2/14/ജവിവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കടൽക്ഷോഭത്തെ ചെറുക്കുന്നതിന് പുലിമുട്ടുകൾക്കുള്ള കാര്യക്ഷമതയെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി CWPRS-നെ ഏൽപ്പിച്ചുകൊണ്ട് G.O(Rt)439/14/WRD തീയതി 05.05.2014 പ്രകാരം ഉത്തരവായിട്ടുണ്ട്. പുലിമുട്ടുകളുടെ നിർമ്മാണത്തിനായി ഐഐറ്റി, ചെന്നൈ പഠനം നടത്തി സമർപ്പിച്ചിട്ടുള്ള സൈറ്റ് സ്പെസിഫിക് സ്റ്റഡി റിപ്പോർട്ടുകളിൽ പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് Bore hole ടെസ്റ്റ് സർവ്വെ നടത്തി പുലിമുട്ട് താങ്ങുന്നതിനുള്ള മണ്ണിന്റെ ശേഷി നിശ്ചയിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരമാണ് പണികൾക്ക് ഇപ്പോൾ സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. കൂടാതെ സമിതിയുടെ ശിപാർശ അനുസരിച്ച് ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പരിചയസമ്പന്നരായ മത്സ്യത്തൊഴിലാളികളുടെ അഭിപ്രായം കൂടി ആരായാവുന്നതുമാണ്.

[ 15.10.14-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധനതുറമുഖ(ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പുലിമുട്ടുകളുടെ ഡിസൈനുകളിൽ നിലവിൽ CWPRS-ന്റെ സഹായം തേടാറുണ്ട്. എന്നിരുന്നാലും നിർമ്മാണവേളയിലും തുടർന്നും കടലിന്റെ അടിത്തട്ടിന്റെ സ്വഭാവം, ഒഴുക്കുകളുടെയും തിരകളുടെയും വ്യതിയാനം എന്നിവ മൂലവും മറ്റും പുലിമുട്ടുകൾക്ക് ചില സ്ഥലങ്ങളിൽ സിങ്കേജ് അനുഭവപ്പെടാറുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ CWPRS ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി ചേർന്ന് നടത്തി പരിഹാര നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 73**

**ശിപാർശ**

ആധുനികവൽക്കരണം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും പഞ്ചിംഗ് സിസ്റ്റവും ചിപ്പ് ഘടിപ്പിക്കലും പൂർത്തിയാകുമ്പോൾ കടലിൽ പോയ വള്ളങ്ങളുടെ വിവരങ്ങൾ തത്സമയം അറിയാൻ കഴിയുമെന്നതിനാലും സുരക്ഷ സംബന്ധിച്ച വിഷയങ്ങൾക്ക് അത്യന്തം ഉപകാരപ്പെടുമെന്നതിനാലും ആയത് അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്,**
**13.08.2015-ലെ 7533/ബി1/14/മതുവ. നമ്പർ പ്രകാരം ലഭിച്ചത്)**

കടലിൽ പോയ വള്ളങ്ങളുടെ വിവരങ്ങൾ അറിയാൻ കഴിയുന്നതരത്തിൽ 300 യന്ത്രവൽകൃത ബോട്ടുകൾക്ക് ഓട്ടോമാറ്റിക് വെസ്സൽ ട്രാക്കിംഗ് യൂണിറ്റുകൾ ഘടിപ്പിക്കുന്നതിന് ഭരണാനുമതി ഈ സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. ആയതുപ്രകാരമുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 74**

**ശിപാർശ**

കോസ്റ്റൽ റെഗുലേഷൻ സോൺ നിബന്ധനകൾ മൂലം തീരമേഖലയിലുള്ളവർ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം അനുവദിച്ച് നൽകുന്നുണ്ടെങ്കിലും സി.ആർ.ഇസഡ്.നിബന്ധനമൂലം നിലവിലുള്ള ബിൽഡിംഗ് ലൈനിൽത്തന്നെ വീടു നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് അനുമതി നൽകുന്നില്ല. ആയതിനാൽ നിലവിലുള്ള ബിൽഡിംഗ് ലൈനിൽത്തന്നെ മത്സ്യത്തൊഴിലാളികൾ വീട് നിർമ്മിക്കുന്നതിനെപ്പോലും നിയമവിരുദ്ധമായി കണക്കാക്കുകയും വീടിന് നമ്പർ നൽകാതെയുമിരിക്കുന്നു. വീടിന് നമ്പർ ലഭിക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. സി.ആർ.ഇസഡ്.സംബന്ധിച്ച നിബന്ധനകൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലങ്ങളിൽ പല രീതിയിൽ വ്യാഖ്യാനിച്ച് മത്സ്യമേഖലയിൽ നടപ്പിലാക്കുന്നതിനാൽ തീരവാസികൾ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ നിയമാനുസൃതമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുണ്ടെങ്കിൽ അത് നിർത്തലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(സി) വകുപ്പ്, 08.07.2015-ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)**

CRZ സംബന്ധിച്ച നിബന്ധനകൾ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പോലെയുള്ള സർക്കാർ വകുപ്പ്/ഏജൻസികൾക്കും വികസന പ്രവർത്തനം നടപ്പിലാക്കുന്നതിന് പലപ്പോഴും തടസ്സമായി വരുന്നുണ്ട്. കേരളത്തിന്റെ പ്രത്യേക തീരപ്രദേശ സാഹചര്യം കണക്കിലെടുത്ത് CRZ നിയമങ്ങൾക്ക് അനുയോജ്യമായ ഭേദഗതികൾ നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

[ 14.06.17-ലെ യോഗം അധികവിവരം ആരാഞ്ഞു:മറുപടി ലഭ്യമായിട്ടില്ല.]

**സ്വീകരിച്ച നടപടി**

**(ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്, 03.07.2014-ലെ 1890/എ 2/2014/ശാ.സാ.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

തീരദേശ മേഖലയിൽ നിയമാനുസൃതമല്ലാത്ത CRZ നിയന്ത്രണങ്ങളൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ CRZ വിജ്ഞാപനംമൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന വിവിധതരത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വിജ്ഞാപനത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യമാകുകയും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനായുള്ള നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയ്ക്കയച്ച കത്തിന്റെ പകർപ്പ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്ന (അനുബന്ധം 1)). ചീഫ് സെക്രട്ടറിയും, KCZMA മെമ്പർ സെക്രട്ടറിയും ഉൾപ്പെടുന്ന സംഘം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സെക്രട്ടറിയെ നേരിട്ട് കണ്ട് ഇതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിയിട്ടുമുണ്ട്.

[ 23.07.14-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(ശാസ്ത്ര സാങ്കേതിക (എ) വകുപ്പ് , 06.08.2016-ലെ 9313/എ 2/2015/ശാ.സാ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം കടലിന്റെ വേലിയേറ്റരേഖയിൽ നിന്ന് 500 മീറ്ററും വേലിയേറ്റ സ്വാധീനമുള്ള പുഴകൾ, കായലുകൾ തുടങ്ങിയവയുടെ വേലിയേറ്റരേഖകളിൽ നിന്നും പരമാവധി 100 മീറ്ററുമാണ് നിയന്ത്രണമേഖലയായി നിജപ്പെടുത്തിയിരിക്കുന്നത്. ഈ പരിധിക്കുള്ളിൽ കെട്ടിട നിർമ്മാണം തീരദേശ നിയന്ത്രണ വിജ്ഞാപനമനുസരിച്ച് മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. പഞ്ചായത്ത് പ്രദേശങ്ങൾ ഉൾപ്പെടുന്ന CRZ III വിഭാഗത്തിൽ വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരപരിധി കൃത്യമായി പാലിക്കേണ്ടതാണ്. ബിൽഡിംഗ് ലൈൻ ഒരു മാനദണ്ഡമായി CRZ III വിഭാഗത്തിൽ പരിഗണിക്കാൻ നിലവിലെ നിയമപ്രകാരം സാധ്യമല്ല. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ CRZ II വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങൾ വ്യവസ്ഥകൾക്കനുസരിച്ച് ബിൽഡിംഗ് ലൈൻ മാനദണ്ഡമാക്കാവുന്നതാണ്. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് വരുന്ന അപേക്ഷകൾ ഇത്തരം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശോധിച്ച് അനുമതി നൽകുന്നത്. 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനമനുസരിച്ച് തീരദേശ നിയന്ത്രണ മേഖലയിൽ നടത്തുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും KCZMA യുടെ അനുമതി വേണമെന്ന് ചട്ടം അനുശാസിക്കുന്നു.

**ഖണ്ഡിക 75**

**ശിപാർശ**

1991-ൽ നിലവിലുണ്ടായിരുന്ന സാഹചര്യങ്ങൾക്കനുസൃതമായാണ് ഇപ്പോഴും സി.ആർ.ഇസഡ്

നിയമം നടപ്പിലാക്കി വരുന്നത്. അതിനുശേഷം പദ്ധതികളിലും ചട്ടങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദവിയിലും ഉണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ട് കാലാനുസൃതമായി ഈ നിയമം നടപ്പിൽ വരുത്തുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (സി)വകുപ്പ്, 08.07.2015-ലെ 7511/സി2/14/ മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

CRZ സംബന്ധിച്ച നിബന്ധനകൾ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പോലെയുള്ള സർക്കാർ വകുപ്പ്/ഏജൻസികൾക്കും വികസന പ്രവർത്തനം നടപ്പിലാക്കുന്നതിന് പലപ്പോഴും തടസ്സമായി വരുന്നുണ്ട്. കേരളത്തിന്റെ പ്രത്യേക തീരപ്രദേശ സാഹചര്യം കണക്കിലെടുത്ത് CRZ നിയമങ്ങൾക്ക് അനുയോജ്യമായ ഭേദഗതികൾ നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

[ 14.06.17-ലെ യോഗം അധികവിവരം ആരാഞ്ഞു:മറുപടി ലഭ്യമായിട്ടില്ല.]

**സ്വീകരിച്ച നടപടി**

**(ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്, 03.07.2014-ലെ 1890/എ 2/2014/ശാ.സാ.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

1991-ലെ തീരദേശ പരിപാലന വിജ്ഞാപനം (CRZ Notification 2011) അനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതി (CZMP) ആണ് ഇപ്പോൾ സംസ്ഥാനത്ത് നിലനിൽക്കുന്നത്. 2011-ലെ തീരദേശ പരിപാലന വിജ്ഞാപനം അനുസരിച്ചുള്ള CZMP തയ്യാറാക്കുവാൻ NCESS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം തന്നെ പുതുക്കിയ CZMP പബ്ലിക് ഹിയറിംഗിന് ശേഷം കേന്ദ്ര സർക്കാരിന് അയച്ച് അനുമതി തേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

[ 23.07.14-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 76**

**ശിപാർശ**

സി.ആർ.ഇസഡ്. നിബന്ധനകൾ ബാധകമാക്കുന്നതു സംബന്ധിച്ച് പഞ്ചായത്ത്/നഗരസഭ ഉദ്യോഗസ്ഥതലങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ പുതിയ വീടുകളുടെ നിർമ്മാണത്തിനു വേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കുകയോ തീരുമാനം എടുക്കാതെയിരിക്കുകയോ ചെയ്യുന്ന സാഹചര്യം സംജാതമാകുന്നു. ആയതിനാൽ ഇതു സംബന്ധിച്ച് വ്യക്തത കൈവരുത്തുന്നതിനുവേണ്ടി കോസ്റ്റൽ സോൺ റെഗുലേഷൻ നിബന്ധനകളുമായി ബന്ധപ്പെട്ട് നിലവിൽ ഉപയോഗിക്കുന്ന കൈപ്പുസ്തകങ്ങളിൽ സർക്കാർതലത്തിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പുനഃപ്രസിദ്ധീകരിച്ച് ഈ വിഷയം കൈകാര്യം ചെയ്യുന്ന എല്ലാ സർക്കാർ ഓഫീസുകളിലും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്, 03.07.2014-ലെ 1890/എ 2/2014/ശാ.സാ.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത് )**

ഉടനടി നടപ്പിലാക്കുന്നതാണ്

[ 23.07.14-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (സി)വകുപ്പ്, 08.07.2015-ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

CRZ സംബന്ധിച്ച നിബന്ധനകൾ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പോലെയുള്ള സർക്കാർ വകുപ്പ്/ഏജൻസികൾക്കും വികസന പ്രവർത്തനം നടപ്പിലാക്കുന്നതിന് പലപ്പോഴും തടസ്സമായി വരുന്നുണ്ട്. കേരളത്തിന്റെ പ്രത്യേക തീരപ്രദേശ സാഹചര്യം കണക്കിലെടുത്ത് CRZ നിയമങ്ങൾക്ക് അനുയോജ്യമായ ഭേദഗതികൾ നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

[ 14.06.17-ലെ യോഗം അധികവിവരം ആരാഞ്ഞു:മറുപടി ലഭ്യമായിട്ടില്ല.]

**സ്വീകരിച്ച നടപടി**

**(ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്, 06.08.2016-ലെ 9313/എ 2/2015/ശാ.സാ.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

CRZ നിബന്ധനകൾ ബാധകമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് തീരദേശ നിയന്ത്രണ വിജ്ഞാപനത്തെക്കുറിച്ചുള്ള പരിശീലന ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. കൂടാതെ 1991-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം അനുസരിച്ചുള്ള അംഗീകരിക്കപ്പെട്ട തീരദേശ പരിപാലന ആസൂത്രണ രേഖ (കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ) തയ്യാറാക്കി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം അനുസരിച്ചുള്ള പുതിയ തീരദേശപരിപാലന ആസൂത്രണ രേഖ (CZMP) തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് പൂർത്തിയായ ഉടനെ പൊതുജനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. തീരദേശ നിയന്ത്രണ വിജ്ഞാപനങ്ങളും ഇപ്പോൾത്തന്നെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് ഒരു പ്രത്യേക വെബ്സൈറ്റ് തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

**ഖണ്ഡിക 77**

**ശിപാർശ**

കാലാകാലങ്ങളിൽ മത്സ്യമേഖലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദവികളിലും മാറ്റം സംഭവിക്കുന്നതിനാൽ കോസ്റ്റൽ സോൺ റെഗുലേഷൻ സംബന്ധിച്ച കാര്യങ്ങളിൽ കൂടുതൽ വ്യക്തതയുണ്ടാകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ

ഏകോപനം വേണമെന്നും നിബന്ധനകൾ ബാധകമാക്കുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. CRZ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മാപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാപ്പിംഗ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

**(തദ്ദേശ സ്വയംഭരണ(ആർ.എ) വകുപ്പ്, 14.10.2014-ലെ 60842/ആർ.എ 1/2014/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കോസ്റ്റൽ സോൺ മാപ്പിംഗ് നടത്തേണ്ടത് ശാസ്ത്രസാങ്കേതിക വകുപ്പാണ്. സമിതി ശിപാർശ ചെയ്തിട്ടുള്ളത് പ്രകാരം കോസ്റ്റൽ സോൺ റഗുലേഷൻ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും കൂടാതെ എല്ലാ പഞ്ചായത്തുകളിലും CRZ സംബന്ധിച്ച് മാപ്പിംഗ് ജോലികൾ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സഹായത്തോടെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും 24.09.2014-ലെ 60484/ആർ.എ 1/14/തസ്വഭവ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ശിപാർശയുടെ പകർപ്പ് 24.09.2014-ലെ 60484/ആർ.എ 1/ 14/തസ്വഭവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ശാസ്ത്രസാങ്കേതിക വകുപ്പിനും നൽകിയിട്ടുണ്ട്.

[ 12.11.14-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

<u>സ്വീകരിച്ച നടപടി</u>

**(ശാസ്ത്രസാങ്കേതിക (എ) വകുപ്പ്, 03.07.2014-ലെ 1890/എ 2/14/ശാ.സാ.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ തലവൻമാർക്ക് CRZ വിജ്ഞാപനം സംബന്ധിച്ച് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA) പരിശീലനം നൽകിവരുന്നുണ്ട്. ഈ വർഷം ആദ്യഘട്ടമെന്ന നിലയ്ക്ക് വേമ്പനാട് കായലിന് ചുറ്റുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് 2014 ഫെബ്രുവരി 26-ന് പരിശീലനം നൽകി കഴിഞ്ഞു. ദക്ഷിണ കേരളത്തിലെയും ഉത്തര കേരളത്തിലെയും തീരദേശ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഉദ്യോഗസ്ഥർക്ക് 2014 ജൂൺ മാസത്തിൽ തന്നെ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. ആവശ്യ ഘട്ടങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ ഏകോപനത്തിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കാറുണ്ട്. മാത്രമല്ല KCZMA-യിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമാണ്.

[ 23.07.14-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(സി) വകുപ്പ്, 08.07.2015-ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

CRZ സംബന്ധിച്ച നിബന്ധനകൾ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പോലെയുള്ള സർക്കാർ വകുപ്പ്/ഏജൻസികൾക്കും വികസന പ്രവർത്തനം നടപ്പിലാക്കുന്നതിന് പലപ്പോഴും തടസ്സമായി വരുന്നുണ്ട്. കേരളത്തിന്റെ പ്രത്യേക തീരപ്രദേശ സാഹചര്യം കണക്കിലെടുത്ത് CRZ നിയമങ്ങൾക്ക് അനുയോജ്യമായ ഭേദഗതികൾ നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

[ 14.06.17-ലെ യോഗം അധികവിവരം ആരാഞ്ഞു:മറുപടി ലഭ്യമായിട്ടില്ല.]

**ഖണ്ഡിക 78**

**ശിപാർശ**

CRZ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ഉൾപ്പെട്ട കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ഇവ കൃത്യമായി യോഗം ചേർന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**സ്വീകരിച്ച നടപടി**

**(ശാസ്ത്രസാങ്കേതിക (എ) വകുപ്പ്, 03.07.2014-ലെ 1890/എ 2/14/ശാ.സാ.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പാലിക്കുന്ന കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നതിനായി തീരദേശ ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം- 2, അനുബന്ധം-3, അനുബന്ധം-4)), ഈ കമ്മിറ്റികൾ വിളിച്ച് ചേർത്ത് പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ KCZMA-യുടെ പ്രതിനിധികളും പങ്കെടുക്കുന്നതാണ്.

[ 23.07.14-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (സി)വകുപ്പ്, 08.07.2015-ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

CRZ സംബന്ധിച്ച നിബന്ധനകൾ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പോലെയുള്ള സർക്കാർ വകുപ്പ്/ഏജൻസികൾക്കും വികസന പ്രവർത്തനം നടപ്പിലാക്കുന്നതിന് പലപ്പോഴും തടസ്സമായി വരുന്നുണ്ട്. കേരളത്തിന്റെ പ്രത്യേക തീരപ്രദേശ സാഹചര്യം കണക്കിലെടുത്ത് CRZ നിയമങ്ങൾക്ക് അനുയോജ്യമായ ഭേദഗതികൾ നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

[ 14.06.17-ലെ യോഗം അധികവിവരം ആരാഞ്ഞു:മറുപടി ലഭ്യമായിട്ടില്ല.]

**ഖണ്ഡിക 79**

**ശിപാർശ**

ചില മത്സ്യബന്ധന തുറമുഖ പ്രദേശങ്ങളിൽ മത്സ്യം ലേലം ചെയ്യുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള ലേലപ്പുരകൾ വലിപ്പം കുറഞ്ഞവയോ സൗകര്യങ്ങൾ അപര്യാപ്തമായതോ ആണ്. ചിലയിടങ്ങളിൽ ലേലപ്പുരയുടെ നിർമ്മാണവും നടത്തിയിട്ടില്ല. തുറസ്സായ സ്ഥലങ്ങളിൽ വച്ച് മത്സ്യലേലവും വിപണനവും സംസ്കരണവും നടത്തുന്നത് വൃത്തിഹീനമായ അന്തരീക്ഷം സൃഷ്ടിക്കും എന്നതിനാൽ തുറമുഖ പ്രദേശങ്ങളിൽ ലേലപ്പുരകൾ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ, വലിപ്പം കൂട്ടൽ, പുനർനിർമ്മാണം എന്നിവ വേണ്ടിടത്ത് അത് അടിയന്തരമായി ചെയ്യുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (സി)വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

കണ്ണൂർ ജില്ലയിൽപ്പെട്ട മാപ്പിളബേ, അഴീക്കൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ നിലവിലുള്ള ലേലപ്പുരകളുടേയും മറ്റും അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലേലപ്പുര ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായി എസ്റ്റിമേറ്റുകൾ രണ്ടാംഘട്ട വികസന പ്രവർത്തനം എന്ന നിലയിൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 80**

**ശിപാർശ**

കടലോര പ്രദേശങ്ങളിലെ യാത്രാസൗകര്യം, മത്സ്യ വിപണനം തുടങ്ങിയവ ലക്ഷ്യമാക്കി തുറമുഖ എൻജിനീയറിംഗ് വകുപ്പ് ധാരാളം റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പലയിടത്തും റോഡുകൾ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. പുതിയ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം ഏറ്റെടുത്തു നടത്തുന്നതിന് കാലതാമസം നേരിടുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മത്സ്യബന്ധന തുറമുഖങ്ങളിലും അനുബന്ധ പ്രദേശങ്ങളിലും മോശമായ അവസ്ഥയിലുള്ള റോഡുകളുടെ പുനർനിർമ്മാണപ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (സി)വകുപ്പ്, 08.07.2015-ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഹാർബറുകളോട് ചേർന്നുള്ള റോഡുകൾക്ക് വികസന പ്രവർത്തനം നടത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് സമർപ്പിച്ച എസ്റ്റിമേറ്റുകൾക്ക് അനുമതി ലഭ്യമാക്കുകയും കൂടുതൽ റോഡുകളും മറ്റും ഇതിൽ ഉൾപ്പെടുത്തുകയും ചെയ്യുക വഴി ഈ ഖണ്ഡികയിൽ ഉന്നയിച്ച പരാതിക്ക് പരിഹാരമാകുന്നതാണ്.[ 14.06.17-ലെ യോഗം അധികവിവരം ആരാഞ്ഞു:മറുപടി ലഭ്യമായിട്ടില്ല.]

**ഖണ്ഡിക 81**

**ശിപാർശ**

വൈദ്യുതീകരണവും ഗ്യാസ് കണക്ഷനുകളുടെ എണ്ണവും വർദ്ധിക്കുമ്പോൾ സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണയുടെ വിഹിതം കുറയും. അതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വള്ളങ്ങളിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ മണ്ണെണ്ണ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പെർമിറ്റ് മണ്ണെണ്ണ വിതരണം ചെയ്യുന്ന കാര്യത്തിൽ പൊതുവിതരണ കോർപ്പറേഷൻ കുറച്ചുകൂടി ശ്രദ്ധ ചെലുത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണയുടെ വിഹിതം കുറവായതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വള്ളങ്ങളിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ മണ്ണെണ്ണ അനുവദിക്കണമെന്ന് 28.06.2014-ലെ 7776/ബി1/14/മതുവ. നമ്പർ കത്ത് പ്രകാരം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 82**

**ശിപാർശ**

മത്സ്യബന്ധനസമയത്ത് ഹൃദയാഘാതം പോലെയുള്ള അസുഖംമൂലം മരണപ്പെടുന്നവർക്ക് കൂടി അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്ന തരത്തിൽ നിലവിലുള്ള ഇൻഷ്വറൻസ് സംവിധാനം പരിഷ്ക്കരിക്കുന്നതിന് മത്സ്യബന്ധന വകുപ്പ് ബന്ധപ്പെട്ട വകുപ്പിനോട് ആരാഞ്ഞ് നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/64/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ഹൃദയാഘാതം മൂലമുള്ളതുൾപ്പെടെ ഏതു മരണത്തിനും 30,000/- രൂപ ധനസഹായം നൽകുന്ന ആം ആദ്മി ബീമ യോജന എന്ന ഇൻഷ്വറൻസ് പദ്ധതിയ്ക്കായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഹൃദയാഘാതം അപകട മരണത്തിൽ ഉൾപ്പെടുത്താൻ IRDA യുടെ ഇൻഷ്വറൻസ് റെഗുലേഷൻ ആക്ട് അനുവദിക്കുന്നില്ലെന്നും അറിയിക്കുന്നു.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 83**

**ശിപാർശ**

മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകുന്ന പെൻഷൻ തുക കൃത്യമായി ലഭിക്കുന്നതിനുവേണ്ടിയാണ് പെൻഷൻ വിതരണം ബാങ്കു മുഖേനയാക്കിയത്. എന്നാൽ ബാങ്ക് അക്കൗണ്ട് നമ്പർ എഴുതിക്കൊടുക്കുമ്പോൾ തെറ്റുവരുന്നതു കൊണ്ടും അക്കൗണ്ട് നോൺ-

ഓപ്പറേറ്റീവ് ആകുന്നതിനാലും പലപ്പോഴും പെൻഷൻ തുക കിട്ടാത്ത അവസ്ഥ സംജാതമാകുന്നു. ആയതിനാൽ പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിച്ച് അർഹരായ എല്ലാവർക്കും പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ബാങ്ക് അക്കൗണ്ടുകൾ ഓപ്പറേറ്റീവ് ആയി സൂക്ഷിക്കുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളികൾക്കു ആവശ്യമായ ബോധവൽക്കരണവും മാർഗ്ഗനിർദ്ദേശങ്ങളും നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

പെൻഷൻ വിതരണം ബാങ്കുകളിലൂടെ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള അപാകതകൾ പരിഹരിച്ച് അക്കൗണ്ടുകൾ സജീവമായി നിലനിർത്തുന്നതിനുള്ള നിർദ്ദേശ പ്രകാരം സംസ്ഥാന വ്യാപകമായി അഞ്ചു മേഖലാ കാര്യാലയങ്ങൾ മുഖാന്തിരം മത്സ്യ/അനുബന്ധ തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 84**

**ശിപാർശ**

മത്സ്യത്തൊഴിലാളികളെ ഒരു പ്രത്യേക വിഭാഗമായി പരിഗണിച്ച് ഒരു വീട്ടിൽത്തന്നെ താമസിക്കുന്ന ഒന്നിലധികം മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ഓരോ കുടുംബത്തിനും പ്രത്യേകം റേഷൻ കാർഡുകൾ നൽകുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**സ്വീകരിച്ച നടപടി**

**(ഭക്ഷ്യപൊതുവിതരണ(ബി) വകുപ്പ്, 13.03.2018-ലെ 5630/ബി3/14/ഭ.സി.സ.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

താലൂക്ക് സപ്ലൈ ഓഫീസർ/റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരുടെ നേരിട്ടുള്ള അന്വേഷണത്തിൽ ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ പ്രത്യേകമായി ഭക്ഷണം പാകം ചെയ്യുന്നതായി ബോധ്യപ്പെട്ടാൽ വെവ്വേറേ റേഷൻകാർഡ് അനുവദിക്കാവുന്നതാണ്.

[ 04.07.18-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 85**

**ശിപാർശ**

പ്രൈമറിതലം മുതൽ പ്ലസ്ടു തലം വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിച്ചുവെങ്കിലും അത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടിയുള്ള ധനസഹായം കൊടുക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത തുക വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(സി) വകുപ്പ്, 08.07.2015-ലെ 7511/സി2/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

2014-15 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം

അനുവദിച്ചു നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 9 കോടി രൂപയും SDG യിൽ അനുവദിച്ച 15 കോടി രൂപയും കൂടി ആകെ 24 കോടി രൂപ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി ജില്ലാ ആഫീസർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ടി.തുക ജില്ലാ ആഫീസർമാർ വിതരണം ചെയ്തുവരുന്നു. ഫിഷറീസ് വകുപ്പിൽ ഇ-ഗ്രാന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-ഗ്രാന്റ് പദ്ധതി നടപ്പിൽ വരുന്നതോടെ വിദ്യാഭ്യാസാനുകൂല്യ തുക വിതരണത്തിലെ കാലതാമസം ഒഴിവാകുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 86**

**ശിപാർശ**

വർഷത്തിൽ രണ്ടു മാസത്തോളം മത്സ്യബന്ധനം സാദ്ധ്യമാകാതെ വരുന്ന കാലയളവിൽ ക്ഷേമനിധി അംശദായം അടയ്ക്കുന്നതിൽ അംഗങ്ങൾ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അപ്രകാരമുള്ള സമയങ്ങളിൽ തുക അടയ്ക്കുന്നതിൽ അവർക്ക് ഇളവ് നൽകുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(സി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

പഞ്ഞമാസക്കാലയളവിൽ അംശദായം അടയ്ക്കുന്നതിൽ ഇളവ് നൽകുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 88**

**ശിപാർശ**

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ അവരുടെ താൽപര്യം കൂടി കണക്കിലെടുക്കുന്നത് ഉചിതമായിരിക്കും എന്ന് സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന ഫണ്ട് ആ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി മാത്രം വിനിയോഗിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള വിവിധ ക്ഷേമ പദ്ധതികൾക്കും ആനുകൂല്യങ്ങൾക്കുംവേണ്ടി പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയോ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ബാങ്ക് അക്കൗണ്ട് സജീവമായി നിലനിർത്തേണ്ടതു സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ ഫിഷറീസ് വകുപ്പിന്റെ എല്ലാ ഏജൻസികളിലൂടെയും നിലവിൽ നടത്തി വരുന്നുണ്ട്. ആയതിന് മാധ്യമങ്ങളിലൂടെ പ്രചരണം നൽകിവരുന്നുണ്ട്.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**ഖണ്ഡിക 89**

**ശിപാർശ**

മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക മേഖലകളിലെ തകർച്ചയ്ക്ക് അവർക്കിടയിലെ ലഹരി ഉപയോഗം ഒരു പരിധിവരെ കാരണമാകുന്നുണ്ട്. മൽസ്യ വിപണനത്തിലൂടെ ലഭിക്കുന്ന തുക അന്നന്നുതന്നെ ചെലവഴിച്ച് ലഹരി പദാർത്ഥങ്ങൾ വാങ്ങി ഉപയോഗിക്കുന്നത് വ്യക്തികളേയും കുടുംബങ്ങളേയും സമൂഹത്തേയും ആകമാനം ദോഷകരമായി ബാധിക്കും എന്നതിനാൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിന്റെ വിപത്തുകളെയും ഭാവിക്കുവേണ്ടി ധനം കരുതിവയ്ക്കേണ്ടതിന്റെ ആവശ്യകതയെയും കുടുംബഭദ്രതയെയും സംബന്ധിച്ച് മത്സ്യമേഖലയിലെ തൊഴിലാളികൾക്കിടയിൽ ഊർജ്ജിത ബോധവല്ക്കരണം നടത്തണമെന്ന് സമിതി ആവശ്യപ്പെടുന്നു.

**സ്വീകരിച്ച നടപടി**

**(മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്, 13.03.2015-ലെ 7533/ബി1/14/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

സാമൂഹ്യക്ഷേമ വകുപ്പും, ആരോഗ്യ വകുപ്പും വിവിധ ഏജൻസികളും നടപ്പാക്കി വരുന്ന ബോധവൽക്കരണ പരിപാടികൾ മത്സ്യമേഖലയിലും നിലവിൽ നടപ്പാക്കി വരുന്നു. ബോധവൽക്കരണ പരിപാടികളിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെയും, ആരോഗ്യ വകുപ്പിന്റെ പ്രതിനിധികളെയും പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

[ 27.05.15-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(ആരോഗ്യകുടുംബക്ഷേമ (എഫ്) വകുപ്പ്, 02.09.2015-ലെ 2656/F1/2015/ആകുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ലഹരിക്കായി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള ഔഷധങ്ങൾ CNS Stimulants, Antidepressants (Diazepam, Nitrazepam)എന്നിവയാണ്. പ്രസ്തുത ഔഷധങ്ങളുടെ വിൽപ്പനയും വിതരണവും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിയന്ത്രണത്തിലാണ്. ഡോക്ടറുടെ കുറിപ്പുകളുടെ അടിസ്ഥാനത്തിൽ മാത്രം ലഭ്യമാക്കുന്നവയാണ് ഇത്തരം ഔഷധങ്ങൾ. ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള ഇത്തരം മരുന്നുകളുടെ വിൽപ്പനയ്ക്കും വിതരണത്തിനും വകുപ്പ് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ / കോളേജുകൾ എന്നിവയുടെ പരിസരങ്ങളിൽ പ്രവർത്തിക്കുന്ന ചില്ലറ ഔഷധ വിൽപ്പനശാലകളിൽ നിന്ന് ഇത്തരം മരുന്നുകൾ അനധികൃതമായി വിൽപ്പന നടത്താതിരിക്കുവാനുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തീരദേശപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ചില്ലറ ഔഷധ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഇത്തരം മരുന്നുകൾ അനധികൃതമായി വിപണനം ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ഉചിതമായ കർശന നടപടികൾ സ്വീകരിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം മരുന്നുകൾ രോഗികൾക്ക് വിൽക്കുന്ന വേളയിൽ രോഗിയുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നീ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുവാനും കുറിപ്പടിയിൽ മരുന്നു കൊടുത്ത തീയതിയും വിതരണക്കാരന്റെ മേൽവിലാസവും രേഖപ്പെടുത്തി വിതരണക്കാർ സൂക്ഷിക്കണമെന്നാണ് നിയമം

അനുശാസിക്കുന്നത്. പരിശോധന വേളയിൽ പ്രസ്തുത നിയമം പാലിക്കുന്നുണ്ടോ എന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. പർച്ചേസ് ബില്ലുകൾ, വിൽപ്പന റെക്കോർഡുകൾ മുതലായ രേഖകളില്ലാതെ പ്രസ്തുത മരുന്നുകൾ വില്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ലഹരിക്കായി ഉപയോഗിക്കുന്ന മദ്യം, നാർക്കോട്ടിക്സ് ഉൾപ്പെടുന്ന ലഹരി വസ്തുക്കളുടെ നിയന്ത്രണം നികുതി വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്. ആയതിനാൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന വിപത്തുകളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ ഊർജ്ജിത ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനും സമിതിക്ക് മറുപടി നൽകുന്നതിനും നികുതി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[ 14.06.17-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(സാമൂഹ്യനീതി (സി) വകുപ്പ്, 22.02.2019-ലെ സാ നീ വ-സി1/153/ 2018/സാ.നീ വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

ലഹരി വസ്തുക്കളുടെ ഉപയോഗം വ്യക്തികളേയും കുടുംബങ്ങളേയും സമൂഹത്തേയും വളരെ ദോഷകരമായി ബാധിക്കുന്നതായുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗ വിപത്തുകളെ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കായി വിപുലമായ ബോധവൽക്കരണ പരിപാടി മേഖലാടിസ്ഥാനത്തിൽ 2019-2020 സാമ്പത്തിക വർഷം വകുപ്പ് തലത്തിൽ സംഘടിപ്പിക്കാവുന്നതാണെന്ന് സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

വകുപ്പ് തലത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗ വിപത്തുകൾ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. [ 17.07.19-ലെ യോഗം]

**അധികവിവരത്തിനുള്ള മറുപടി**

**(സാമൂഹ്യനീതി (സി) വകുപ്പ്, 24.12.2019-ലെ സാ നീ വ-സി1/153/ 2018/സാ നീ വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**

'വിമുക്തി'യുമായി ചേർന്ന് മത്സ്യമേഖലയിലെ തൊഴിലാളികൾക്കിടയിൽ ഊർജ്ജിത ബോധവൽക്കരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും കൂടാതെ കേന്ദ്രസർക്കാരിന്റെ നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷൻ പദ്ധതി പ്രകാരം സാമൂഹ്യനീതി വകുപ്പിന് ലഭിച്ച ഫണ്ട് ഉപയോഗിച്ച് നടത്തുന്ന കർമ്മപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 'ബോധവൽക്കരണപരിപാടി'യുടെ ഭാഗമായി മത്സ്യമേഖലയിലെ തൊഴിലാളികൾക്കായി (coastal area) ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.

[ 01.02.22-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

**സ്വീകരിച്ച നടപടി**

**(നികുതി (ജി) വകുപ്പ്, 21.03.2022-ലെ 22/ജി2/2022/നി.വ. കത്ത് പ്രകാരം ലഭിച്ചത്.)**

തീരദേശ മേഖലകളിലെ ജനങ്ങളെ ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ ആഭിമുഖ്യത്തിൽ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. തീരദേശ മേഖലകളിൽ കൗമാരക്കാരെയും, യുവാക്കളെയും ലഹരിയുടെ ഉപയോഗത്തിൽപ്പെട്ട് വഴിതെറ്റിപോകാതെ ചിട്ടയായ കായിക പരിശീലനത്തിലൂടെ ജീവിതത്തിൽ ദിശാബോധം ഉള്ളവരും, മാനസിക കരുത്തുള്ളവരുമാക്കി മാറ്റുന്നതിനായി തീരദേശ മേഖലകളിലെ തിരഞ്ഞെടുത്ത ക്ലബ്ബുകളിൽ മിനി ഫിറ്റ്നസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി മേഖലകളിലെ കുട്ടികളെയും, സ്ത്രീകളെയും ബോധവൽക്കരിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറികൾ എന്നിവ കേന്ദ്രീകരിച്ചു വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, ലഹരിക്കെതിരെയുള്ള ലഘു ലേഖകളും, പുസ്തകങ്ങളും വിതരണം ചെയ്യുകയും ചെയ്യുന്നു. ഇതിനു പുറമെ വിദ്യാർത്ഥികളെ ലഹരിക്കെതിരെ അണിനിരത്തുന്നതിനായി 'ലഹരിക്കെതിരെ കായിക ലഹരി' എന്ന മുദ്രാവാക്യം ഉയർത്തിപിടിച്ചുകൊണ്ട് സ്കൂൾ ക്യാമ്പസുകളിൽ 'ഉണർവ്'' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

[ 28.04.23-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.]

## അദ്ധ്യായം - II

**സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭ്യമാക്കാത്ത ശിപാർശ**

| ക്രമ നമ്പർ | ശിപാർശ നമ്പർ | ശിപാർശ | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|---|
| 1. | 19 | കൊയിലാണ്ടി തീരപ്രദേശത്ത് ധീവര സമുദായത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മൃതദേഹം മറവുചെയ്യുന്നതിന് സ്ഥലം ഇല്ലെന്നും അതിനാൽ കോഴിക്കോട്ടുവരെ കൊണ്ടുപോകേണ്ടിവരുന്നതായും ഇതിനുവേണ്ടി വാങ്ങിയ സ്ഥലം നിയമപ്രശ്നങ്ങൾ കാരണം ഉപയോഗിക്കുവാൻ സാധിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. സമൂഹത്തിലെ ഒരു വിഭാഗം മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഈ പ്രശ്നത്തിന് | തദ്ദേശ സ്വയംഭരണം & റവന്യൂ |

| | | | |
|---|---|---|---|
| | | പരിഹാരം കാണുന്നതിന് വേണ്ടി സത്വര നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | |

**സമിതി ആരാഞ്ഞ അധികവിവരങ്ങളിൻമേൽ മറുപടി ലഭ്യമാക്കാത്തവ**

**ഖണ്ഡിക 15**

നിലവിൽ മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന വല നിർമ്മാണശാലകളുടെ കപ്പാസിറ്റി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നുണ്ടോയെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പിനോട് സമിതി ആരാഞ്ഞു (14.06.17-ലെ സമിതി യോഗം)

**ഖണ്ഡിക 18**

കൊയിലാണ്ടി പ്രദേശത്തെ പഞ്ചായത്തിന്റെ കാറ്റഗറിയിൽ നിന്ന് മാറ്റി നഗരസഭയുടെ കാറ്റഗറിയിൽ(കാറ്റഗറി-II) ഉൾപ്പെടുത്തുന്ന നടപടി നടപ്പാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ കൈക്കൊള്ളണമെന്ന സമിതി ശിപാർശയിൻമേൽ മത്സ്യബന്ധന തുറമുഖ വകുപ്പ് 08.07.2015-ന് ലഭ്യമാക്കിയ റിപ്പോർട്ടിൽ തീരദേശത്തും കായൽപ്രദേശങ്ങളിലും മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും 2011-ലെ നിയമത്തിൽ ഇളവുകൾ അനുവദിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ 22.08.2014-ലെ ഉന്നതതല ചർച്ചയിൽ കേന്ദ്ര സർക്കാർ നിയോഗിച്ച ഉന്നത സംഘത്തിനോട് വിശദീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 14.06.17-ലെ യോഗം കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പിനോട് സമിതി ആരാഞ്ഞു. (14.06.17-ലെ സമിതി യോഗം)

**ഖണ്ഡിക 23**

കേരളത്തിലെ തീരദേശ മേഖലകളിൽ ഡ്രഡ്ജിംഗിന് പൊതുവായ ഒരു സംവിധാനം ഉണ്ടാക്കണമെന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണൽ, ചെളി എന്നിവ വിൽപ്പന നടത്തി അതിൽ നിന്നും ലാഭമുണ്ടാക്കണമെന്നും ജലവിഭവ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു . (28.04.23-ലെ സമിതി യോഗം)

**ഖണ്ഡിക 46**

ട്രോളിംഗ് നിരോധനം നടപ്പിലാക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിയന്തര പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടർമാരുടെ പേരിൽ സ്ഥിരമായ ഫണ്ട് വകയിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു . (14.06.17-ലെ സമിതി യോഗം)

**ഖണ്ഡിക 69**

വിഴിഞ്ഞം തീരപ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കുന്നില്ലെന്ന പരാതിയിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പിനോട് സമിതി ആരാഞ്ഞു. (14.06.17-ലെ സമിതി യോഗം)

**ഖണ്ഡിക 71**

ഹാർബറിന്റെ ശുചിത്വപരിപാലനവും അടിസ്ഥാന സൗകര്യവികസനവും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്നും എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും മത്സ്യബന്ധന തുറമുഖ വകുപ്പിനോട് സമിതി ആരാഞ്ഞു. (14.06.17-ലെ സമിതി യോഗം)

**ഖണ്ഡിക 74,75,76,77,78**

CRZ നിയമങ്ങളിൽ ഭേദഗതി വരുത്താൻ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി മത്സ്യബന്ധന തുറമുഖ വകുപ്പിനോട് സമിതി ആരാഞ്ഞു. (14.06.17-ലെ സമിതി യോഗം)

**ഖണ്ഡിക 80**

തീരദേശ മേഖലകളിൽ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പും കോസ്റ്റൽ ഏരിയ ഡവലപ്‌മെന്റ് കോർപ്പറേഷനും റോഡു വർക്കുകൾ നടത്തുന്നുണ്ടെങ്കിലും ഏതെല്ലാം വർക്കുകളാണ് ഏറ്റെടുത്തു നടത്തുന്നതെന്നതു സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ആയത് സംബന്ധിച്ച വിവരങ്ങൾ മത്സ്യബന്ധന തുറമുഖ വകുപ്പിനോട് സമിതി ആരാഞ്ഞു. (14.06.17-ലെ സമിതി യോഗം)

തിരുവനന്തപുരം,
2024 ജൂലൈ 8

പി.പി. ചിത്തരഞ്ജൻ,
അദ്ധ്യക്ഷൻ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.